COLLOQUIAL PHRASES

AND

SHORT AND EASY DIALOGUES

IN

ENGLISH AND MALAYALAM

FOR THE USE OF BEGINNERS IN BOTH LANGUAGES

BY

KALLADI THYEN RAMUNNI,

Writer, Station Hospital, Cannanore.

FOURTH EDITION

PUBLISHED BY THE
BASEL MISSION BOOK DEPOT, MANGALORE
1955

Price: 8 Annas.] *All Rights reserved.* [വില: 8 അണ.

COLLOQUIAL PHRASES

AND

Short And Easy Dialogues

IN

ENGLISH AND MALAYALAM

FOR THE USE OF BEGINNERS IN BOTH LANGUAGES

BY

KALLADI THYEN RAMUNNI.
Writer, Station Hospital, Cannanore.

FOURTH EDITION

PUBLISHED BY THE
BASEL MISSION BOOK DEPOT, MANGALORE.
1955

All Rights reserved

PRINTED AT THE BASEL MISSION PRESS, MANGALORE

TABLE OF CONTENTS

No.		Page.
1.	Meeting a friend	1
2.	Parting	3
3.	Asking and thanking	3
4.	Affirming and denying	4
5.	Probability	5
6.	Joy	6
7.	Sorrow	7
8.	Blame	7
9.	Anger	8
10.	Consulting	9
11.	News	10
12.	Going and coming	12
13.	Asking questions and answering	13
14.	Age	14
15.	The hour	15
16.	Salutation	15
17.	Visit	16
18.	Eating and drinking	17
19.	Breakfast	18
20.	Before dinner	19
21.	Dinner	20
22.	At table	20
23.	Tea	22
24.	Supper	23
25.	Drink	23
26.	School	24
27.	Writing a letter	27
28.	Marketing	27
29.	The watch	28

No.			Page.
30.	Rising	...	29
31.	Morning	...	30
32.	Evening	...	31
33.	Universal wonders	...	32
34.	The weather	...	32
35.	The Seasons	...	33
36.	Change of money	...	36
37.	On examination	...	36
38.	Miscellaneous	...	37
39.	Dialogue between an English and a Native	...	39
40.	” between two school-boys	...	40
41.	” with a bookseller	...	41
42.	” with a cloth-merchant	...	43
43.	” With an upholsterer	...	44
44.	” on shopping	...	46
45.	” with a tailor	...	46
46.	” with a shoe-maker	...	48
47.	” with a physician (doctor)	...	50
48.	” on travelling by railway	...	52
49.	” on travelling by road	...	53
50.	” on school	...	54
51.	” on general business	...	56
52.	” with a Military Officer	...	60
53.	” with a Munshi	...	61
54.	” on walking and riding, etc.	...	62

COLLOQUIAL PHRASES

AND

SHORT AND EASY DIALOGUES

1. Meeting a friend ഒരു സ്നേഹിതനെ കണ്ടുമുട്ടുമ്പോൾ.

Good morning, sir.	മാന്യരേ, സലാം. (രാവിലെ കാണുമ്പോൾ.)
Good evening, sir.	മാന്യരേ, സലാം. (വൈകുന്നേരം കാണുമ്പോൾ.)
Good night, sir.	മാന്യരേ, സലാം. (രാത്രി കാണുമ്പോൾ.)
How do you do to-day?	ഇന്നു നിങ്ങൾക്കു സൌഖ്യം തന്നേയോ?
I hope you are in good health.	നിങ്ങൾക്കു സൌഖ്യം തന്നേയെന്നു ഞാൻ വിചാരിക്കുന്നു.
I am very well, thank you.	എനിക്കു നല്ല സൌഖ്യം തന്നേ. നിങ്ങൾക്കു വന്ദനം.
How is your father?	നിങ്ങളുടെ അച്ഛനു സൌഖ്യം തന്നേയോ?
He is very well, sir.	മാന്യരേ, അവൎക്കു നല്ല സൌഖ്യം തന്നേ.
How is all the family?	കുടുംബത്തിന്നെല്ലാം സൌഖ്യം തന്നേയോ?
How do they all do at home?	വീട്ടിൽ എല്ലാവൎക്കും സൌഖ്യം തന്നേയോ?
How is your sister?	നിങ്ങളുടെസഹോദരിക്കുസൌഖ്യമോ.
She is not very well.	അവൾക്കു നല്ല സൌഖ്യം ഇല്ല.
She is very ill.	അവൾക്കു വളരെ സുഖക്കേടാണ്.
She is dangerously ill.	അവൾ അത്യാസന്നത്തിൽ കിടക്കുന്നു.
She is dying.	അവൾ മരിക്കാറായിരിക്കുന്നു or മരണവേളയിൽ ഇരിക്കുന്നു.
What ails her, or what is the matter with her?	അവൾക്കു എന്താണ് സുഖക്കേടു, or അവളുടെ രോഗം എന്താണ്?

She has a severe cold.	അവൾക്കു കഠിനമായ ജലദോഷം പിടിച്ചിരിക്കുന്നു.
She is feverish.	അവൾക്കു പനിക്കുന്നു.
I am very sorry to hear it.	അതു കേട്ടിട്ടു ഞാൻ വളരെ വ്യസനിക്കുന്നു.
How long has she been ill?	അവൾ ദീനത്തിലായിട്ടു എത്ര സമയമായി?
I did not know that she was ill.	അവൾക്കു ദീനമായതു ഞാൻ അറിഞ്ഞില്ല.
What is her complaint, or what is her illness?	അവളുടെ സുഖക്കേടു എന്താണ്?
Does she take anything for it?	അതിന്നായിട്ടു അവൾ വല്ല മരുന്നും എടുക്കുന്നുവോ?
Does any one attend on her?	വല്ലവനും അവളെ ശുശ്രൂഷിക്കുന്നുണ്ടോ?
The doctor attends on her every day.	ഡക്ടർ (വൈദ്യൻ) ദിവസേന അവളെ വന്നു കാണുന്നു.
I hope it will be nothing.	അതു സാരമില്ലെന്നു ഞാൻ വിചാരിക്കുന്നു.
It is to be hoped that it will have no bad consequence.	അതുകൊണ്ടു ദോഷമൊന്നും വരാനില്ലെന്നു ആശിക്കാം.
We hope so.	ഞങ്ങളും അങ്ങിനെ തന്നേ ആശിക്കുന്നു.
The doctor says that it will not be of any consequence.	അതുകൊണ്ടു യാതൊന്നും വരികയില്ലെന്നു വൈദ്യൻ പറയുന്നു.
So much the better.	വളരെ നന്നായി.
I am very glad of it.	ഞാൻ അതുനിമിത്തം വളരെ സന്തോഷിക്കുന്നു.
Is your mother still unwell?	നിങ്ങളുടെ അമ്മ ഇപ്പോഴും സുഖക്കേടിലാകുന്നുവോ?
She is not quite well yet.	അവൾക്കു ഇനിയും നല്ല സൌഖ്യമായിട്ടില്ല.
But she is a great deal better.	എങ്കിലും അവൾക്കു ഏതാനും സുഖമായി.
I am very happy to hear it.	അങ്ങിനെ കേട്ടതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു.
I came to your house last night, but you were not there.	കഴിഞ്ഞ രാത്രിയിൽ ഞാൻ നിങ്ങളുടെ വീട്ടിൽ വന്നപ്പോൾ നിങ്ങൾ അവിടെ ഉണ്ടായിരുന്നില്ല.

I shall be at home this evening, if you can come.	ഇന്നു വൈകുന്നേരം നിങ്ങൾക്കു വരാമെങ്കിൽ ഞാൻ വീട്ടിൽ ഉണ്ടാകും.
I shall be glad to see you, if you can come this evening.	ഇന്നു വൈകുന്നേരം നിങ്ങൾ വീട്ടിൽ വന്നാൽ നിങ്ങളെ കാണുന്നതു എനിക്കു സന്തോഷം.

---

2. Parting പിരിയുമ്പോൾ.

We must part.	നാം പിരിയേണ്ടിവന്നിരിക്കുന്നു.
I must take my leave of you.	ഞാൻ നിങ്ങളോടു വിടവാങ്ങേണ്ടിയിരിക്കുന്നു.
When shall I have the pleasure of seeing you again?	എപ്പോഴാണ് ഞാൻ വീണ്ടും നിങ്ങളെ കണ്ടു സന്തോഷിക്കുന്നതു?
We will see each other on our next meeting.	നമ്മുടെ ഇനിയത്തെ കൂടിക്കാഴ്ചയിൽ നമുക്കു അന്യോന്യം കാണാം.
I wish you good morning.	ഞാൻ നിങ്ങൾക്കു സലാം പറയുന്നു.
Give my compliments to your brother.	നിങ്ങളുടെ സഹോദരനു എന്റെ ഉപചാരം പറക.
Give my regards to your sister.	നിങ്ങളുടെ സഹോദരിക്കു എന്റെ ആദരവു പറക.
Present my respects to your [mother.	നിങ്ങളുടെ അമ്മക്കു എന്റെ വന്ദനം [പറക.
Present my compliments to all at home.	വീട്ടിലുള്ള എല്ലാവർക്കും എന്റെ ഉപചാരം പറക.
Remember me to him.	ഞാൻ വന്ദനം ചൊല്ലുന്നപ്രകാരം അദ്ദേഹത്തോടറിയിക്ക.
Give my respects to him.	എന്റെ വന്ദനം അദ്ദേഹത്തോടു പറ[ക.
He desires to be kindly remembered to all his acquaintances.	അവൻ തന്റെ എല്ലാ പരിചയക്കാർക്കും വന്ദനം പറയുന്നു.

---

3. Asking and thanking അപേക്ഷയും നന്ദിയും.

I beg your pardon for what I have done.	ഞാൻ ചെയ്യുതിന്നു നിങ്ങളോടു ക്ഷമ ചോദിക്കുന്നു.
I should like to oblige you, if I could.	കഴിയുമെങ്കിൽ ഞാൻ നിങ്ങൾക്കു ഉപകാരം ചെയ്യുമായിരുന്നു.

Will you be so kind as to do me a favour?	നിങ്ങൾ ദയവിചാരിച്ചു എനിക്കു ഒരു സഹായം ചെയ്യുതരുമോ?
I have a favour to beg of you.	എനിക്കു ഒരു സഹായം ചെയ്യേണ്ടതിന്നായി നിങ്ങളോടു അപേക്ഷിപ്പാനുണ്ടു.
Do me a favour.	എനിക്കു ഒരു സഹായം ചെയ്യു.
Will you do me a favour?	നിങ്ങൾ എനിക്കു ഒരു സഹായം ചെയ്യുമോ?
I am very much obliged to you.	ഞാൻ നിങ്ങൾക്കു വളരേ ഉപചാരം പറയുന്നു.
I am extremely indebted to you.	ഞാൻ നിങ്ങൾക്കു അത്യന്തം കടംപെട്ടിരിക്കുന്നു.
I thank you.	ഞാൻ നിങ്ങൾക്കു നന്ദി പറയുന്നു.
I give you much trouble.	ഞാൻ നിങ്ങൾക്കു വളരെ അലമ്പൽ തരുന്നുവല്ലോ.
You take a great deal of trouble for me.	നിങ്ങൾ എനിക്കുവേണ്ടി വളരെ മുഷിയുന്നുവല്ലോ.
I am very sorry to trouble you so much.	ഞാൻ നിങ്ങളെ ഇത്ര അധികം അസഹ്യപ്പെടുത്തുന്നതുകൊണ്ടു വളരെ വ്യസനിക്കുന്നു.
I am ashamed of the trouble I give you.	ഞാൻ നിങ്ങൾക്കു തന്ന അസഹ്യതയെപ്പററി ലജ്ജിക്കുന്നു.
No trouble at all.	ഒട്ടും അസഹ്യതയില്ല.
I beg you will not mention it.	നിങ്ങൾ ആയതു പ്രസ്താവിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു.

---

4. Affirming and denying നിശ്ചയവും നിഷേധവും.

I will tell you what to do.	എന്താണ് ചെയ്യേണ്ടതെന്നു ഞാൻ നിങ്ങളോടു പറയാം.
This is what I can assure you.	നിങ്ങളോടു എനിക്കു തീൎച്ച പറവാൻ കഴിയുന്നതു ഇതാണ്.
This is what I can tell you.	എനിക്കു നിങ്ങളോടു പറവാൻ കഴിയുന്നതു ഇതാണ്.
I wager it is.	അതു തന്നെ എന്നു ഞാൻ വാതുപിടിക്കുന്നു. [ക്കുന്നു.
I wager it is not.	അതു അല്ല എന്നു ഞാൻ വാതു പിടി

I fancy so.	ഞാൻ അപ്രകാരം ഊഹിക്കുന്നു.
I fancy not.	ഞാൻ ഊഹിക്കുന്നില്ല.
Do you think so?	നിങ്ങൾ അപ്രകാരം വിചാരിക്കുന്നുവോ?
I do not think so.	ഞാൻ അപ്രകാരം വിചാരിക്കുന്നില്ല.
I dare say it is so.	അതു അങ്ങിനെയാണെന്നു ഞാൻ ധീരതയോടെ പറയുന്നു.
What do you mean?	നിങ്ങളുടെ ഉദ്ദേശം എന്താണ്?
I don't know what you mean.	നിങ്ങളുടെ ഉദ്ദേശം എന്താണെന്നു ഞാൻ അറിയുന്നില്ല.
It is a fact.	അതു യഥാർത്ഥമാകുന്നു.
Are you sure of what you say?	നിങ്ങൾ പറയുന്നതിനെപ്പറ്റി നിങ്ങൾക്കു തീർച്ചയുണ്ടോ?
I should not have thought it so.	ഞാൻ അങ്ങിനെ വിചാരിക്കേണ്ടിയിരുന്നില്ല.
I wonder at it.	ഞാൻ അതുകൊണ്ടു അത്ഭുതപ്പെടുന്നു.
This is quite astonishing.	ഇതു തീരെ അതിശയിക്കത്തക്കതാകുന്നു.
It is a thing not to be conceived.	അതു ഊഹിപ്പാൻ പാടില്ലാത്ത ഒരു കാര്യമാകുന്നു.
It is incredible.	അതു വിശ്വാസയോഗ്യമല്ലാത്തതാകുന്നു.
That is very strange.	അതു വളരെ അപൂർവ്വമാകുന്നു.
This is something strange.	ഇതു കുറേ അപൂർവ്വമായ കാര്യമാകുന്നു.
That is a strange sort of business.	അതു ഒരു ആശ്ചര്യതരമായ പ്രവൃത്തിയാകുന്നു.
It was a surprise visit.	അതൊരു തിരിയാതെകണ്ടുള്ള ദർശനമായിരുന്നു.
He asserted that it is so.	അതു അങ്ങിനെയാണെന്നു അവൻ നിശ്ചയമായി പറയുന്നു.

5. Probability സംഗതി.

Is there a probability of my seeing him?	എനിക്കു അദ്ദേഹത്തെ കാണ്മാനായിട്ടു എടയുണ്ടോ?
It is not at all probable.	അതൊരിക്കലും അങ്ങിനെ വരാൻ പാടില്ലാത്തതാകുന്നു.
It is practicable.	അതു സാദ്ധ്യമായിട്ടുള്ളതാകുന്നു,

It is impracticable.	അതു അസാദ്ധ്യമായിട്ടുള്ളതാകുന്നു.
It is probable.	അതു അങ്ങിനെ വരാൻ പാട്ടുള്ളതാകുന്നു.
It is not improbable.	അതു അങ്ങിനെ വരാൻ പാടില്ലാത്തതല്ല.
There is nothing impossible in it.	അതിൽ അസാദ്ധ്യം ഒന്നുമില്ല.
It is very possible.	അതു സാദ്ധ്യകരം തന്നേ.
I am not surprised at it.	അതിൽ എനിക്കു ആശ്ചൎയ്യം തോന്നുന്നില്ല.
There is nothing surprising in it.	അതിൽ ആശ്ചൎയ്യകരമായിട്ടു യാതൊന്നുമില്ല.
It is natural.	അതു സ്വാഭാവികമാകുന്നു.

6. Joy സന്തോഷം.

I am glad.	ഞാൻ സന്തോഷമുള്ളവനാകുന്നു.
I am very happy; I am delighted.	ഞാൻ വളരെ സന്തോഷമുള്ളവനാകുന്നു; ഞാൻ പ്രസാദിക്കപ്പെട്ടിരിക്കുന്നു.
It makes me very happy to hear it.	ഞാൻ അതു കേൾക്കകൊണ്ടു വളരെ സന്തോഷിക്കുന്നു.
How happy I am!	ഞാൻ എത്ര ഭാഗ്യമുള്ളവനാകുന്നു!
I am overjoyed at it.	ഞാൻ അതിങ്കൽ അതിസന്തോഷമുള്ളവനായിരിക്കുന്നു.
I give you joy with all my heart.	ഞാൻ എന്റെ പൂൎണ്ണഹൃദയത്തോടെ നിങ്ങളെ സന്തോഷിപ്പിക്കുന്നു.
I sincerely give you joy.	ഞാൻ സത്യമായി നിങ്ങൾക്കു സന്തോഷത്തെ തരുന്നു.
I congratulate you on it.	ഞാൻ അതു ഹേതുവായി നിങ്ങളെ പുകഴ്ത്തുന്നു.
Will you allow me to congratulate you?	ഞാൻ നിങ്ങളെ പുകഴ്ത്തുവാനായി അനുവദിക്കുമോ?
She affected a great show of kindness.	അവൾ വളരെ വാത്സല്യം കാണിച്ചു.
She took her infant home with joy.	അവൾ തന്റെ ശിശുവിനെ സന്തോഷത്തോടെ വീട്ടിലേക്കു കൊണ്ടുപോയി.

7. Sorrow വ്യസനം.

I am sorry for it.	ഞാൻ അതുനിമിത്തം വ്യസനിക്കുന്നു.
I am quite vexed at it.	ഞാൻ അതിനോടു തീരെ മുഷിഞ്ഞിരിക്കുന്നു.
I am extremely sorry for it.	ഞാൻ അതിന്നായിട്ടു അത്യന്തം വ്യസനിക്കുന്നു.
I feel extremely mortified at it.	എനിക്കു അതുനിമിത്തം വളരെ കുണ്ഠിതം ആയിരിക്കുന്നു.
I am quite inconsolable at it.	എനിക്കു അതിങ്കൽ തീരേ ആശ്വാസം ലഭിക്കുന്നില്ല.
It vexes me beyond expression.	പറഞ്ഞുകൂടാത്തതിൻവണ്ണം അതു എന്നെ വെറുപ്പിക്കുന്നു.
What a pity!	എന്തൊരു സങ്കടം!
It is a sad thing.	അതൊരു വ്യസനമായ കാൎയ്യമാകുന്നു.
It is very provoking.	അതു വളരെ കോപം വരുത്തുന്നതാകുന്നു.
It is a cruel case.	അതു ഒരു ക്രൂരതയുള്ള കാൎയ്യമാകുന്നു.
It is shocking.	അതു ഞെട്ടൽ വരുത്തുന്നു.
It is a great misfortune.	അതു വലിയ നിൎഭാഗ്യമാകുന്നു.
It is terrible.	അതു ഭയങ്കരമുള്ളതാകുന്നു.
It makes one's hair stand on end.	അതു രോമാഞ്ചത്തെ ഉണ്ടാക്കുന്നു.
He has suffered great affliction.	അവൻ കഠിനവ്യസനത്തെ സഹിച്ചിരിക്കുന്നു.
I am sorry to find that you both are in the habit of using bad language.	നിങ്ങൾ രണ്ടാളും ചീത്ത പറയുന്നതു ശീലമായി എന്നു കാണുന്നതിനാൽ ഞാൻ വ്യസനിക്കുന്നു.

8. Blame കുററം.

Are you not ashamed?	നിങ്ങൾക്കു ലജ്ജയില്ലയോ?
You ought to be ashamed.	നിങ്ങൾ ലജ്ജിക്കേണ്ടതാകുന്നു.
I am ashamed of you.	ഞാൻ നിങ്ങളെക്കൊണ്ടു ലജ്ജിക്കുന്നു.
What a shame!	എന്തൊരു ലജ്ജ!
It is a shame, it is shameful.	അതു ലജ്ജിക്കത്തക്കതാകുന്നു.
How naughty it is!	അതു എത്ര ചീത്തയാകുന്നു!

It is abominable.	അതു നിന്ദ്യകരമായിട്ടുള്ളതാകുന്നു.
How can you be so naughty?	നീ എങ്ങിനെ അത്ര നീചത്വത്തിൽ ആകും?
You are very much to blame.	നിങ്ങളെ വളരെ കുററപ്പെടുത്തേണ്ടതാകുന്നു.
You are very wrong.	നിങ്ങൾ വളരെ തെററിപ്പോയിരിക്കുന്നു.
I have no patience with you.	എനിക്കു നിങ്ങളോടു ക്ഷമയില്ല.
I am not satisfied with you.	ഞാൻ നിങ്ങളെക്കൊണ്ടു തൃപ്തിപ്പെടുന്നില്ല.
Be quiet.	സ്വസ്ഥമായി ഇരിക്ക.
Can't you be still, can't you be quiet?	നിങ്ങൾക്കു മൌനമായിരിപ്പാൻ കഴികയില്ലയോ?
Mind what I say.	ഞാൻ പറയുന്നതിനെ സൂക്ഷിക്ക.
Mind for another time.	ഇനിമേലാലേക്കു സൂക്ഷിക്ക.
Don't do so any more.	അപ്രകാരം ഇനിമേലാൽ ചെയ്യരുതു.
Don't be impertinent.	അഹംഭാവിയായിരിക്കൊല്ല.
Silence, or hold your peace, hold your tongue.	മിണ്ടാതെ ഇരിക്ക.
Will you hold your tongue?	നിങ്ങൾ മിണ്ടാതെ ഇരിക്കുമോ?
Get out of my sight.	എന്റെ കണ്ണിൻമുമ്പിൽനിന്നു പോക.
I do not wish to affront him.	ഞാൻ അവനെ നീരസപ്പെടുത്താൻ ഇച്ഛപ്പെടുന്നില്ല.
Am I blamable in this matter?	ഈ കാര്യത്തിൽ ഞാൻ കുററപ്പെടേണമോ?
The blame rests only upon me.	കുററം എന്റെ മേൽ മാത്രം ഇരിക്കുന്നു.
If you will kindly inquire about it, you will find that I am not to blame in it.	നിങ്ങൾ ദയചെയ്തു അന്വേഷിച്ചാൽ ഞാൻ അതിൽ കുററക്കാരനല്ല എന്നു കാണും.

9. Anger ദ്വേഷ്യം.

I am very angry.	എനിക്കു വളരെ ദ്വേഷ്യമുണ്ടു.
I am not in a good humour.	ഞാൻ നല്ല സ്വഭാവത്തിൽ അല്ല.
I am out of humour now.	ഞാൻ ഇപ്പോൾ ചീത്തസ്വഭാവത്തിലാകുന്നു.

I am quite provoked.	ഞാൻ തീരേ ദേഷ്യമുള്ളവനായിരിക്കുന്നു.
I am quite exasperated.	ഞാൻ തീരേ കോപിപ്പിക്കപ്പെട്ടിരിക്കുന്നു.
He is totally unhinged.	അവൻ അശേഷം സ്വാസ്ഥതയിൽ അല്ല.
He is in a terrible passion.	അവൻ ഭയങ്കരമായ കോപത്തിൽ ഇരിക്കുന്നു.
It makes me quite mad.	അതു എന്നെ തീരെ ഭ്രാന്തനാക്കുന്നു.
He is a boy of very hot temper.	അവൻ വളരെ ദേഷ്യമുള്ള ഒരു കുട്ടി ആകുന്നു.
He becomes angry very quickly.	അവനു വേഗത്തിൽ ദേഷ്യം പിടിക്കുന്നു.

10. Consulting ആലോചന.

What is to be done?	എന്താണ് ചെയ്യേണ്ടത്?
What course is to be taken?	എന്തു മാർഗ്ഗമാണ് എടുക്കേണ്ടത്?
What course are we to take?	നാം എടുക്കേണ്ടിയ മാർഗ്ഗം എന്താണ്?
What have we to do?	നാം എന്താണ് ചെയ്യേണ്ടത്?
What remains for us to do now?	നാം ഇനി എന്താണ് ചെയ്യേണ്ടത്?
We must resolve upon something.	നാം ഒന്നിന്മേൽ തീർച്ചപ്പെടുത്തേണ്ടതാകുന്നു.
We must take some course.	നാം വല്ലമാർഗ്ഗം എടുക്കേണ്ടതാകുന്നു.
I am quite puzzled.	ഞാൻ തീരേ ഭ്രമിച്ചിരിക്കുന്നു.
I don't know what to do, or I am at a loss what to do.	എന്താണ് ചെയ്യേണ്ടതെന്നു ഞാൻ അറിയുന്നില്ല.
I am in great embarrassment.	ഞാൻ വലിയ ബുദ്ധിമുട്ടിലിരിക്കുന്നു.
We are in a great perplexity.	നാം വലിയ കുഴപ്പത്തിൽ ഇരിക്കുന്നു.
This is very embarrassing.	ഇതു വളരെ അസഹ്യതയുള്ളതാകുന്നു.
I am thinking of one thing.	ഞാൻ ഒരു കാര്യത്തെപ്പററി വിചാരിക്കുന്നുണ്ടു.
An idea has just struck me.	എനിക്കു ഇപ്പോൾതന്നേ ഒന്നു തോന്നി.
Let us do one thing.	നാം ഒരു കാര്യം ചെയ്യുക.
I have altered my opinion.	ഞാൻ എന്റെ അഭിപ്രായം മാററിയിരിക്കുന്നു.
Let us do otherwise.	നാം വേറെ വിധം പ്രവൃത്തിക്കുക.
What do you say to that?	അതിന്നു നിങ്ങൾ എന്തു പറയുന്നു?

What do you think of it?	അതിനെക്കുറിച്ചു നിങ്ങൾ എന്തു വിചാരിക്കുന്നു?
I think as you do.	നിങ്ങൾ വിചാരിക്കുന്നതുപോലെ ഞാനും വിചാരിക്കുന്നു.
It is very well imagined.	അതു തക്കതായ വിധത്തിൽ തോന്നി.
That is a very good idea.	അതു വളരെ നല്ല വിചാരമാകുന്നു.
I am of your opinion.	ഞാൻ നിങ്ങളുടെ അഭിപ്രായത്തിന്നനുകൂലിക്കുന്നു.
Let us do so.	നാം അങ്ങിനെ ചെയ്യുക.
It is the best way.	അതു ഏററവും നല്ല മാൎഗ്ഗമാകുന്നു.
Would it not be better?	അതു അധികം നല്ലതായിരിക്കയില്ലയോ?
It is the best thing we can do.	നമുക്കു ചെയ്വാൻ കഴിയുന്നതായ ഏററവും നല്ലകാൎയ്യം അതാകുന്നു.
It is the only thing we have to do.	നമുക്കു ചെയ്വാനുള്ള കാൎയ്യം അതു തന്നേയാകുന്നു.
That is the only course we can take.	നാം എടുക്കേണ്ടതായ മാൎഗ്ഗം അതു തന്നേയാകുന്നു.
Do you consent to my proposal?	എന്റെ ആലോചനക്കു നിങ്ങൾ യോജിക്കുന്നുവോ?
I will consider about it later on.	ഞാൻ വഴിയെ അതിനെക്കുറിച്ചു ആലോചിക്കും.

11. News വൎത്തമാനം.

Is there any news to-day?	ഇന്നു വല്ല വൎത്തമാനവും ഉണ്ടോ?
What is the best news?	ഏററവും നല്ല വൎത്തമാനം എന്താകുന്നു?
What news can you tell us?	നിങ്ങൾക്കു ഞങ്ങളോടു എന്തു വൎത്തമാനം പറവാൻ കഴിയും?
Have you anything to tell us?	നിങ്ങൾക്കു ഞങ്ങളോടു വല്ലതും പറവാനുണ്ടോ?
Have you not heard of anything?	നിങ്ങൾ യാതൊന്നും കേട്ടിട്ടില്ലയോ?
What is the talk about town?	നഗരത്തെപ്പററി എന്താണ് വൎത്തമാനം?
I have not heard of anything.	ഞാൻ യാതൊന്നും കേട്ടിട്ടില്ല.
This is very good news.	ഇതു നല്ല വൎത്തമാനമാകുന്നു.
Did you read the newspaper?	നിങ്ങൾ വൎത്തമാനക്കടലാസ്സു വായിച്ചുവോ?

What does the paper say?	കടലാസ്സിൽ എന്താണ് വൎത്തമാനം?
I have read no paper to-day.	ഞാൻ ഇന്നു കടലാസ്സു വായിച്ചിട്ടില്ല.
Did you see that in any paper?	നിങ്ങൾ ആയതു വല്ല കടലാസ്സിലും കണ്ടുവോ?
It is only mentioned in a private letter.	ആയതു ഒരു സ്വകാൎയ്യക്കത്തിൽ മാത്രമേ പ്രസ്താവിച്ചിട്ടുള്ളു.
Do they say who received that letter?	ആ കത്തു ആൎക്കു കിട്ടിയെന്നു അവർ പറയുന്നുവോ?
Yes, they name the person.	അതെ, അവർ ആ ആളുടെ പേർ പറയുന്നു.
They doubt this news very much.	ഈ വൎത്തമാനം അവർ വളരെ സംശയിക്കുന്നു.
This news wants confirmation.	ഈ വൎത്തമാനത്തിന്നു ഉറപ്പു വേണ്ട [താകുന്നു.
Whence have you had this news?	ഈ വൎത്തമാനം നിങ്ങൾക്കു എവിടെ നിന്നു കിട്ടി?
I have had that news from good authority.	ആ വൎത്തമാനം എനിക്കു നല്ല ഒരു മാൎഗ്ഗേണ കിട്ടിയിരിക്കുന്നു.
That report is proved false.	ആ കേൾവി കളവാണെന്നു തെളിഞ്ഞിരിക്കുന്നു.
Do they still talk of war?	അവർ ഇപ്പോഴും യുദ്ധവൎത്തമാനം പറയുന്നുവോ?
Have you received any letter from your brother?	നിങ്ങളുടെ സഹോദരനിൽനിന്നു വല്ല കത്തും നിങ്ങൾക്കു കിട്ടീട്ടുണ്ടോ?
How long is it since he wrote to you?	അവൻ നിങ്ങൾക്കു എഴുതീട്ടു എത്ര കാലമായി?
I have not heard from him these two months.	ഈ രണ്ടു മാസങ്ങളിൽ ഞാൻ അവനിൽനിന്നു യാതൊന്നും കേട്ടിട്ടില്ല.
I expect a letter from him every day.	ഞാൻ എല്ലാ ദിവസവും അവന്റെ ഒരു കത്തിന്നായി കാത്തുകൊണ്ടിരിക്കുന്നു.
I believe the information is authentic.	ആ അറിയിപ്പു യഥാൎത്ഥം തന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു.
I was not aware of this news before.	ഞാൻ ഈ വൎത്തമാനത്തെപ്പററി മുമ്പെ അറികയില്ലായിരുന്നു.
He affirmed this news to be a certain fact.	ഈ വൎത്തമാനം വാസ്തവം തന്നെയെന്നു അവൻ സ്ഥിരപ്പെടുത്തി.
He on hearing this news became greatly afflicted.	ഈ വൎത്തമാനം കേട്ടതിനാൽ അവൻ വളരെ കുണ്ഠിതപ്പെട്ടു.

12. Going and Coming ഗമനാഗമനം.

Where are you going?	നിങ്ങൾ എവിടെ പോകുന്നു?
Where are you going, this way?	നിങ്ങൾ ഈ വഴിയായി എവിടെ പോകുന്നു?
I am going home.	ഞാൻ വീട്ടിലേക്കു പോകുന്നു.
Whence do you come?	നിങ്ങൾ എവിടെനിന്നു വരുന്നു?
I come from my brother's.	ഞാൻ എന്റെ സഹോദരന്റെ വീട്ടിൽനിന്നു വരുന്നു.
Will you come with me?	നിങ്ങൾ എന്റെ കൂടെ വരുമോ?
Where do you wish to go?	നിങ്ങൾ എവിടെപ്പോവാൻ ഇച്ഛിക്കുന്നു?
We will go for a walk.	നാം നടപ്പാനായിട്ടു പോകാം.
Which way shall we go?	ഏതു വഴിക്കു നാം പോകേണം?
We will go which way you please.	നിങ്ങൾ പോവാൻ ഇഷ്ടപ്പെടുന്ന വഴിക്കു നാം പോകാം.
Let us go to the fort.	നാം കോട്ടയിലേക്കു പോകാം.
Let us take your brother in our way.	നാം പോകുന്ന വഴിയിൽ നിങ്ങളുടെ സഹോദരനെ കൂട്ടാം.
As you please.	നിങ്ങളുടെ ഇഷ്ടംപോലെ.
Is Gopalan at home?	ഗോപാലൻ വീട്ടിൽ ഉണ്ടോ?
He is just gone out.	അവൻ ഇപ്പോൾ പുറത്തേക്കു പോയിരിക്കുന്നു.
Can you tell us where he is gone?	അവൻ എവിടെ പോയെന്നു ഞങ്ങളോടു പറയാമോ?
I cannot tell you exactly.	കൃത്യമായി എനിക്കു നിങ്ങളോടു പറവാൻ കഴികയില്ല.
I think he has gone to see his sister.	അവൻ തന്റെ സഹോദരിയെ കാണ്മാൻ പോയെന്നു ഞാൻ വിചാരിക്കുന്നു.
Do you know when he will return?	അവൻ എപ്പോൾ മടങ്ങിവരുമെന്നു നിങ്ങൾ അറിയുമോ?
No, he said nothing when he went out.	ഇല്ല, അവൻ പുറത്തു പോകുമ്പോൾ ഒന്നും പറഞ്ഞിട്ടില്ല.
In that case, we must go without him.	അങ്ങിനെയാണെങ്കിൽ നാം അവനെ കൂടാതെ പോകാം.
I must go now, it is dinner time.	ഞാൻ ഇപ്പോൾ പോകേണം, തീനിന്റെ സമയമാകുന്നു.

He goes to work with great energy.	അവൻ അതിപ്രയത്നത്തോടെ പ്രവൃത്തിക്കു പോകുന്നു.
He hastened away as fast as possible.	അവൻ കഴിയുന്ന വേഗത്തിൽ ബദ്ധപ്പെട്ടു നടന്നുകളഞ്ഞു.

13. Asking questions and answering

ചോദ്യോത്തരങ്ങൾ.

Where are you off to?	നിങ്ങൾ എവിടെക്കാണ് പോകുന്നതു?
I am going to make some purchases.	ഞാൻ ചില സാമാനങ്ങൾ വാങ്ങുവാനായിട്ടു പോകുന്നു.
Take hold of his hand.	അവന്റെ കൈ പിടിക്കു.
Our new building is in a central situation.	നമ്മളുടെ പുതിയ എടുപ്പ് നഗരത്തിന്റെ നടുവിടത്തിൽ കിടക്കുന്നു.
When are we to go to the new building?	നാം പുതിയ എടുപ്പിലേക്കു പോകുന്നതു എപ്പോൾ?
We shall shift into it in a few days.	അല്പദിവസത്തിന്നകം നാം അതിലേക്കു മാറും.
Here, I have something to tell you.	ഇതാ, എനിക്കു നിങ്ങളോടു ചിലതു പറവാനുണ്ടു.
Hear me.	ഞാൻ പറയുന്നതു കേൾക്കു.
I wish to speak with you.	എനിക്കു നിങ്ങളോടു ഒന്നു സംസാരിപ്പാൻ താൽപര്യമുണ്ടു.
What is it?	അതു എന്താണ്?
What is it you say?	നിങ്ങൾ പറയുന്നതു എന്താണ്?
I said nothing.	ഞാൻ ഒന്നും പറഞ്ഞിട്ടില്ല. [വോ?
Do you hear what I say?	ഞാൻ പറയുന്നതു നിങ്ങൾ കേൾക്കുന്നു
I did not hear you.	ഞാൻ നിങ്ങൾ പറഞ്ഞതു കേട്ടില്ല.
Listen to me.	ഞാൻ പറയുന്നതു ശ്രദ്ധിക്കു.
You do not listen to me.	നിങ്ങൾ ഞാൻ പറയുന്നതു ശ്രദ്ധിക്കുന്നില്ല.
Do you understand what I say?	ഞാൻ പറയുന്നതു നിങ്ങൾ ഗ്രഹിക്കുന്നുവോ?
Will you be so kind as to repeat it?	ദയവിചാരിച്ചു നിങ്ങൾ അതു വീണ്ടും പറയുമോ?
Why don't you answer?	നിങ്ങൾ എന്തുകൊണ്ടു ഉത്തരം പറയുന്നില്ല?

Don't you speak English?	നിങ്ങൾ ഇംഗ്ലീഷ് സംസാരിക്കയില്ലയോ?
I understand it a little but I cannot speak it.	എനിക്കു അതു അല്പം അറിയാമെങ്കിലും അതു സംസാരിപ്പാൻ കഴികയില്ല.
Do you know him?	നിങ്ങൾ അവനെ അറിയുമോ?
I know him by sight.	ഞാൻ അവനെ കണ്ടു പരിചയമുണ്ടു.
I know him by name.	അവൻെറ പേർ എനിക്കു നിശ്ചയമുണ്ടു.

14. Age പ്രായം.

What is your age?	നിങ്ങളുടെ പ്രായം എന്താകുന്നു?
How old is your brother?	നിങ്ങളുടെ സഹോദരനു എത്ര പ്രായമായി?
I am twelve years old and my brother is ten years.	എനിക്കു പന്ത്രണ്ടു വയസ്സും എൻെറ സഹോദരനു പത്തു വയസ്സും ആയി.
I am near fifteen.	എനിക്കു ഏകദേശം പതിനഞ്ച് വയസ്സായി.
I shall be sixteen next year.	വരുംകൊല്ലം എനിക്കു പതിനാറു വയസ്സാകും.
You do not look so old.	നിങ്ങളെ കണ്ടാൽ അത്ര പ്രായം തോന്നുന്നില്ല.
I did not think you were so old.	നിങ്ങൾക്കു അത്ര വയസ്സായെന്നു ഞാൻ വിചാരിച്ചില്ല.
How old may your uncle be?	നിങ്ങളുടെ കാരണവനു എത്ര വയസ്സായിരിക്കണം?
He may be sixty years old.	അദ്ദേഹത്തിന്നു അറുപതു വയസ്സുണ്ടായിരിക്കണം.
He may be sixty years or thereabouts.	അദ്ദേഹത്തിന്നു അറുപതു വയസ്സോ അതിന്നു സമീപിച്ചോ ഉണ്ടാകണം.
Is he so old?	അദ്ദേഹത്തിന്നു അത്ര വയസ്സുണ്ടോ?
He is pretty strong, although he is so old.	അദ്ദേഹത്തിന്നു അത്ര വയസ്സായിട്ടും നല്ല കായബലം ഉണ്ടു.
I think your brother is as old as myself.	നിങ്ങളുടെ സഹോദരനു എൻെറ വയസ്സു തന്നേ ഉണ്ടെന്നു ഞാൻ ഊഹിക്കുന്നു.
He has just past his teens.	അവനു പത്തൊമ്പതു വയസ്സു കഴിഞ്ഞിട്ടേ ഉള്ളു.

15. The Hour മണിക്കൂർ.

What o'clock is it?	എത്ര മണിയായി?
Can you tell me what o'clock it is?	എത്ര മണിയായെന്നു നിങ്ങൾക്കു എന്നോടു പറയാമോ?
It is one o'clock.	ഒരു മണിയായി.
It is past one.	ഒരു മണി കഴിഞ്ഞു.
It is a quarter past one.	ഒന്നേകാൽ മണിയായി.
It wants a quarter to two.	രണ്ടു മുട്ടാൻ കാൽമണിക്കൂറുണ്ടു.
It wants ten minutes to two.	രണ്ടു മുട്ടാൻ പത്തു മിനിട്ടുണ്ടു.
It is not yet two.	ഇനിയും രണ്ടു മണി ആയിട്ടില്ല.
It is upon the stroke of three.	മൂന്നു മണി വരമേൽ നില്ക്കുന്നു.
It is going to strike three.	മൂന്നടിപ്പാൻ പോകുന്നു.
It is ten minutes after three.	മൂന്നടിച്ചിട്ടു പത്തു മിനിട്ടായി.
I did not think it was so late.	അത്ര വൈകി എന്നു ഞാൻ വിചാരിച്ചില്ല (ഓർത്തില്ല).
It is almost one o'clock by my watch.	എന്റെ ഘടികാരത്തിൽ ഏകദേശം ഒരു മണിയായിരിക്കുന്നു.
It is called an eight-day watch.	അതിന്നു ആഴ്ചവട്ടഘടികാരം എന്നു പറയുന്നു.
Has the clock struck one?	നാഴികമണി ഒന്നു മുട്ടിയോ?
There! it is now striking.	അതാ, ഇപ്പോൾ മുട്ടുന്നു.
Does the clock gain or lose?	നാഴികമണി വേഗത്തിലോ സാവധാനത്തിലോ നടക്കുന്നതു?
It is a quarter of an hour too fast.	അത് കാൽമണിക്കൂർ അധികം വേഗതയിൽ നടക്കുന്നു.

16. Salutation വന്ദന.

I wish you a good morning.	ഞാൻ നിങ്ങൾക്കു സലാം പറയുന്നു.
How do you do this morning?	ഇന്നു രാവിലെ നിങ്ങൾക്കു സുഖമുണ്ടോ?
Do you continue in good health?	നിങ്ങൾ നല്ല സൌഖ്യത്തിൽ ഇരിക്കുന്നുവോ?
Pretty good, and how is yours?	സാമാന്യം നല്ല സൌഖ്യം തന്നേ, നിങ്ങളുടേതു എങ്ങിനേ?

I hope to see you well.	ഞാൻ നിങ്ങളെ നല്ല സൌഖ്യത്തിൽ കാണുമെന്നു വിചാരിക്കുന്നു.
I am very happy to see you well.	ഞാൻ നിങ്ങളെ സൌഖ്യമായി കാണുന്നതുകൊണ്ടു വളരെ സന്തോഷിക്കുന്നു.
Give my best compliments to him and kindly inform him that if he has an hour's leisure, I shall be glad to see him.	അദ്ദേഹത്തോടു എൻെറ വന്ദനം ചൊല്ലി, ഒരു മണിക്കൂറു അവസരമുണ്ടെങ്കിൽ അദ്ദേഹത്തെക്കാണ്മാൻ താൽപര്യമുണ്ടെന്നു ദയചെയ്തു അറിയിക്ക.

17. Visit ദർശനം (ചെന്നുകാണൽ).

I visited him unexpectedly.	ഞാൻ അദ്ദേഹത്തെ പിരിയാതെ ചെന്നു കണ്ടു.
I wish to visit him, but he is not willing to see me.	അവനെ ചെന്നു കാണ്മാൻ എനിക്കു മനസ്സുണ്ടെങ്കിലും അവന്നു എന്നെ കാണ്മാൻ ഇഷ്ടമില്ല.
Somebody knocks at the door.	ആരോ വാതിലിന്നു മുട്ടുന്നു.
Go and see who it is.	അതു ആരാണെന്നു പോയി നോക്ക.
Go and open the door.	വാതിൽ പോയി തുറക്ക.
Good night to you.	നിങ്ങൾക്കു സലാം. (രാത്രിയിൽ ഒരാളെ കാണുമ്പോൾ.)
I am very happy to see you.	ഞാൻ നിങ്ങളെ കാണുകയാൽ വളരെ സന്തോഷിക്കുന്നു.
I have not seen you for an age.	ഞാൻ നിങ്ങളെ വളരെ കാലമായി [കണ്ടിട്ടില്ല.
It is a novelty to see you.	നിങ്ങളെ കാണുന്നതു ഒരു പുതുമപോലെ ഇരിക്കുന്നു.
Please sit down.	ദയ വിചാരിച്ചു ഇരിക്ക.
Fetch a seat for Mr. Karunakaran.	മിസ്റ്റർ കരുണാകരന്നു ഒന്നു ഇരിപ്പാൻ കൊണ്ടുവരിക.
Will you stay and take supper with us?	നിങ്ങൾ ഞങ്ങളോടുകൂടെ അത്താഴം ഉണ്ണ്മാൻ താമസിക്കുമോ?
I cannot stay.	എനിക്കു താമസിപ്പാൻ കഴികയില്ല.
I must go.	ഞാൻ ഇപ്പോൾ പോകേണ്ടതു.
You are in great haste.	നിങ്ങൾക്കു വലിയ ബദ്ധപ്പാടായിരിക്കുന്നു.

Why are you in such a hurry?	നിങ്ങൾക്കു എന്താണ് ഇത്ര തത്രപ്പാടു?
I have a great many things to do.	എനിക്കു വളരെ കാൎയ്യങ്ങൾ ചെയ്വാനുണ്ടു.
I have many places to call at.	എനിക്കു പലേ സ്ഥലങ്ങളിൽ പോകാനുണ്ടു.
I will stay longer another time.	ഞാൻ വേറെ ഒരു സമയം അധികം താമസിക്കാം.
I thank you for your visit.	നിങ്ങൾ വന്നു കണ്ടതിനാൽ ഞാൻ നിങ്ങൾക്കു വന്ദനം പറയുന്നു.
I hope I shall see you soon again.	ഞാൻ നിങ്ങളെ വേഗം വീണ്ടും കാണുമെന്നു ആശിക്കുന്നു.

---

18. Eating and drinking ഭക്ഷണവും അന്നപാനവും.

Have you anything to eat or to drink?	തിന്നാനോ കുടിപ്പാനോ നിങ്ങളെ വക്കൽ വല്ലതും ഉണ്ടോ?
What can I get you to eat?	നിങ്ങൾക്കു തിന്നാൻ ഞാൻ എന്തു കൊണ്ടുവരേണ്ടു?
I am very hungry, I wish you would give me something to eat.	എനിക്കു വളരെ വിശക്കുന്നു, വല്ലതും എനിക്കു തിന്നാൻ തരണമായി ഞാൻ നിങ്ങളോടു ആശിക്കുന്നു.
Are you hungry?	നിങ്ങൾക്കു വിശക്കുന്നുവോ?
I am getting an appetite.	എനിക്കു വിശപ്പു വരുന്നു.
I am very hungry.	എനിക്കു വളരെ വിശക്കുന്നു.
I could eat a bit of something.	എനിക്കു വല്ലതും അല്പം തിന്നുവാൻ കഴിയും.
What will you eat?	നിങ്ങൾ എന്തു തിന്നും?
I will eat anything.	ഞാൻ എന്തും തിന്നും.
You don't eat anything.	നിങ്ങൾ എന്തും തിന്നുകയില്ല.
I beg your pardon, I eat very well.	ഞാൻ നിങ്ങളോടു ക്ഷമ ചോദിക്കുന്നു, ഞാൻ നല്ലവണ്ണം തിന്നുന്നു.
I have eaten heartily.	ഞാൻ തൃപ്തികരമായി തിന്നിരിക്കുന്നു,
I have dined with a good appetite.	ഞാൻ നല്ല വിശപ്പോടെ ഊൺ കഴിച്ചു.
Eat another piece.	വേറെ ഒരു കഷണം തിന്നുക.
I cannot take anything more.	എനിക്കു ഇനി ഒന്നും കഴിപ്പാൻ കഴികയില്ല.
Are you not thirsty?	നിങ്ങൾക്കു ദാഹിക്കുന്നില്ലേ?

I am thirsty.	എനിക്കു ദാഹിക്കുന്നു.
I am dying with thirst.	ഞാൻ ദാഹംകൊണ്ടു മരിക്കുന്നു.
Let us drink.	നാം കുടിക്കുക.
What will you drink?	കുടിപ്പാൻ നിങ്ങൾക്കു എന്തുവേണം?
Take a glass of wine.	ഒരു ഗ്ലാസ്സ് വീഞ്ഞെടുക്കുക.
Will you take a glass of beer?	നിങ്ങൾ ഒരു ഗ്ലാസ്സ് ബീർ കുടിക്കുമോ?
Drink another glass of wine.	വേറെ ഒരു ഗ്ലാസ്സ് വീഞ്ഞു കുടിക്കുക.
Sir, I drink your good health.	മാന്യരേ, നിങ്ങൾ സുഖമായിരിപ്പാൻ ഉദ്ദേശിച്ചു ഞാൻ കുടിക്കുന്നു.

---

19. Breakfast പ്രാതൽ.

Have you breakfasted?	നിങ്ങൾ പ്രാതൽ കഴിച്ചുവോ?
Not yet.	ഇനിയും കഴിച്ചിട്ടില്ല.
You come just in time.	നിങ്ങൾ ആ തക്കസമയത്തിന്നു തന്നേ വന്നു.
You will breakfast with us.	നിങ്ങൾ ഞങ്ങളോടുകൂടി പ്രാതൽ കഴിക്കു.
Breakfast is ready.	പ്രാതൽ തയ്യാറായിരിക്കുന്നു.
Do you drink tea or coffee?	നിങ്ങൾ ചായയോ കാപ്പിയോ കുടിക്കുന്നതു?
I prefer coffee.	ഞാൻ കാപ്പി അധികം താൽപര്യപ്പെടുന്നു.
What shall I offer you?	ഞാൻ നിങ്ങൾക്കു എന്താണ് കൊടുക്കേണ്ടതു?
Here are rolls and toast.	ഇവിടെ ഉരുള അപ്പവും (ചുട്ട) അപ്പവും ഉണ്ടു.
Which do you like best?	നിങ്ങൾ ഏററവും ഇഷ്ടപ്പെടുന്നതു എന്താകുന്നു?
I prefer a piece of toast.	ഞാൻ ഒരു കഷ്ണം ചുട്ട അപ്പം അധികം ഇഷ്ടപ്പെടുന്നു.
How do you like the coffee?	കാപ്പി നിങ്ങൾക്കു എങ്ങിനെ രുചിക്കുന്നു.
Is the coffee strong enough?	കാപ്പി മതിയാകുംവണ്ണം കടുപ്പം ഉണ്ടോ?
It is excellent.	അതു ഏററവും വിശേഷം തന്നേ.
It is sweet enough.	അതു വേണ്ടുവോളം മധുരമുണ്ടു.
If it is not, don't make any ceremony.	മധുരമില്ലെങ്കിൽ പറവാൻ ലജ്ജിക്കേണ്ടാ.

You have not enough milk.	നിങ്ങൾക്കു മതിയാകുംവണ്ണം പാലില്ല.
I went to office this morning without breakfast.	ഞാൻ പ്രാതൽ കഴിക്കാതെ ആപ്പീസിലേക്കു പോയി.
If I had staid for breakfast I should have been late.	പ്രാതലിന്നു ഞാൻ കാത്തിരുന്നുവെങ്കിൽ താമസിച്ചുപോകുമായിരുന്നു.

20. Before dinner ഭോജനത്തിന്നു മുമ്പെ.

What is there for dinner this afternoon?	ഇന്നു ഉച്ചക്കുശേഷം തീനിന്നു എന്തുണ്ടു.
What shall you have for dinner to-day?	ഇന്നു മുത്താഴത്തിന്നു നിങ്ങൾക്കു എന്തുണ്ടാകും?
What time do we dine to-day?	ഇന്നു നാം എത്ര മണിക്കു ഉണ്ണേണം?
We are to dine at 4 o'clóck.	നാം നാലുമണിക്കു ഉണ്ണേണ്ടതാകുന്നു.
Shall we have anybody to dine to-day?	ഇന്നു ഉണ്ണാൻ വല്ലവരും നമുക്കു ഉണ്ടായിരിക്കുമോ?
Do you expect company?	നിങ്ങൾ സ്നേഹിതന്മാരെ കാത്തിരിക്കുന്നുവോ?
I expect two friends.	ഞാൻ രണ്ടു സ്നേഹിതന്മാരെ കാത്തിരിക്കുന്നു.
Have you given order for dinner?	ഭക്ഷണം തയ്യാറാക്കാൻ നിങ്ങൾ കല്പന കൊടുത്തിരിക്കുന്നുവോ?
What did you order for dinner?	ഭക്ഷണത്തിന്നു നിങ്ങൾ എന്താണ് ഉണ്ടാക്കാൻ കല്പിച്ചത്?
Do you send for any fish?	നിങ്ങൾ വല്ല മത്സ്യത്തിന്നും അയക്കുന്നുവോ?
I could not get any fish	എനിക്കു യാതൊരുമത്സ്യവും കിട്ടുന്നില്ല.
No fish came to-day.	ഇന്നു മത്സ്യം വന്നിട്ടില്ല.
I fear we shall have an indifferent dinner.	വിശേഷവിധി അല്ലാത്ത ഒരു ഭക്ഷണം നമുക്കുണ്ടാകുമെന്നു കരുതി ഭയപ്പെടുന്നു.

21. Dinner ഭോജനം.

Have you dined yet?	നിങ്ങൾ ഇനിയും മുത്താഴം കഴിച്ചില്ലയോ?
His mother made him go without his dinner.	അവന്റെ അമ്മ അവനെ മുത്താഴം കൊടുക്കാതെ വിട്ടയച്ചു.
Will you take a little soup?	നിങ്ങൾ അല്പം സൂപ്പു (ചാറു) എടുക്കുമോ?
I thank you, I will trouble you for a little mutton.	നിങ്ങൾക്കു വന്ദനം, ഞാൻ അല്പം ആട്ടുമാംസത്തിന്നായിട്ടു നിങ്ങളെ ഉപദ്രവിക്കാം.
What part do you like best?	നിങ്ങൾ ഏററവും താല്പൎയ്യപ്പെടുന്ന ഭാഗം എന്താണ്?
Which way shall I cut it?	ഞാൻ ആയതു എങ്ങിനെ മുറിക്കേണം?
Any way.	എങ്ങിനെയെങ്കിലും മുറിക്കു.
Will you have it well-done or under-done?	നിങ്ങൾക്കു നല്ലവണ്ണം വെന്തതോ വേവു കുറഞ്ഞതോ വേണ്ടതു?
Well-done, if you please.	നിങ്ങൾക്കു ഇഷ്ടമുണ്ടെങ്കിൽ നല്ലവണ്ണം വെന്തതു ഇരിക്കട്ടെ.
I do not like it overdone.	അധികം വെന്തതു ഞാൻ ഇഷ്ടപ്പെടുന്നില്ല.
I hope this piece is to your taste.	ഈ കഷണം നിങ്ങളുടെ ഇഷ്ടത്തിന്നു ഒത്തതാണെന്നു ഞാൻ വിചാരിക്കുന്നു.
It is excellent.	അതു വിശേഷം തന്നേ.

22. At table തീൻസമയം.

Gentleman, you have dishes near you.	സായ്‌വേ, നിങ്ങളുടെ സമീപം പിഞ്ഞാണങ്ങളിൽ ഭക്ഷ്യങ്ങൾ ഉണ്ടു.
Help yourself.	നിങ്ങൾ തന്നെ എടുത്തു അനുഭവിച്ചുകൊൾക.
Take without ceremony what you like best.	നിങ്ങൾ ഏററവും ഇഷ്ടപ്പെടുന്നതിനെ മടികൂടാതെ എടുത്തു ഭക്ഷിക്ക.
Will you take a little of this roast beef?	ഈ ചുട്ട ഗോമാംസം നിങ്ങൾ അല്പം എടുക്കുമോ?

Shall I help you to a bit of this surloin?	അരക്കെട്ടത്ത ഭാഗത്തിന്റെ ഒരു കഷണം ഞാൻ നിങ്ങൾക്കു തരട്ടെയോ?
Do you like fat?	നിങ്ങൾ കൊഴുപ്പു ഇഷ്ടപ്പെടുന്നുവോ?
I am not very fond of fat.	എനിക്കു കൊഴുപ്പിന്നു വളരെ താല്പര്യമില്ല.
Here is a piece which I think will please you.	ഒരു കഷണം ഇതാ. ആയതു നിങ്ങളെ സന്തോഷിപ്പിക്കുമെന്നു ഞാൻ വിചാരിക്കുന്നു.
You have no gravy.	നിങ്ങൾക്കു ചാർ ഇല്ല.
I have plenty, I thank you.	എനിക്കു വളരെ ഉണ്ടു, ഉപകാരം.
How do you like the roast mutton?	ചുട്ട ആട്ടുമാംസം എങ്ങിനെ, നന്നായോ?
It is excellent.	അതു വിശേഷം തന്നേ.
It melts in the mouth.	അതു വായിൽ അലിയുന്നു.
I am very glad it is to your taste.	അതു നിങ്ങളുടെ രുചിക്കു പററുന്നതു കൊണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു.
Shall I help you with some vegetables?	ഞാൻ നിങ്ങൾക്കു കുറെ സസ്യഭക്ഷണം തരട്ടെയോ?
Here are spinage and radish.	ചീരയും മുള്ളങ്കിയും ഉണ്ടു.
These French beans are excellent.	ഈ ഫ്രെഞ്ചുപയർ വിശേഷമാകുന്നു.
You have not tasted the drumstick.	നിങ്ങൾ മുരിങ്ങവാൾ തിന്നു നോക്കീട്ടില്ല.
Will you take white or brown bread?	നിങ്ങൾ വെളുത്തപ്പമോ കറുത്തപ്പമോ എടുക്കുന്നതു?
You have not eaten any pudding.	നിങ്ങൾ പാൽപിട്ട് ഒന്നും തിന്നിട്ടില്ല.
This pine-apple is delicious.	ഈ കൈതച്ചക്ക നല്ല രുചിയുണ്ടു.
Shall I help you to some of it?	അതു ഞാൻ അല്പം നിങ്ങൾക്കു തരട്ടെയോ?
I will thank you for a very small piece, just to taste it.	രുചിനോക്കേണ്ടതിന്നു മാത്രം വളരെ ചെറിയ ഒരു കഷണത്തിന്നായിട്ടു ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.
You are a poor eater.	നിങ്ങൾ ഒരു സ്വല്പഭക്ഷകനാകുന്നു.
Now what can I offer you?	ഇപ്പോൾ ഞാൻ നിങ്ങൾക്കു എന്താണ് തരേണ്ടതു?
Nothing more, thank you.	ഇനി അധികമൊന്നും വേണ്ട, ഉപകാരം.

I hope a little bit of fowl cannot hurt you.	ഒരു കഷണം കോഴിമാംസം നിങ്ങളെ ദോഷപ്പെടുത്തുകയില്ലെന്നു ഞാൻ വിചാരിക്കുന്നു.
Help me then to a very small piece.	എന്നാൽ ഒരു ചെറിയ കഷണം എനിക്കു തരിക.

23. Tea ചായ.

Does the water boil?	വെള്ളം പതക്കുന്നുവോ?
Tea is quite ready.	ചായ തയ്യാറായിരിക്കുന്നു.
We have not enough cups.	നമുക്കു വേണ്ടുന്നത്ര കോപ്പുകൾ ഇല്ല.
We want two cups more.	നമുക്കു രണ്ടു കോപ്പുകൾ കൂടി വേണം.
Bring another spoon and saucer.	വേറെ ഒരു കരണ്ടിയും സാസ്സറും കൊണ്ടുവരിക.
Do you take cream?	നിങ്ങൾ പാൽപാട കഴിക്കുമോ?
Here are cakes and buttered rolls.	ഇവിടെ കേക്കും, വെണ്ണയിട്ട ഉരുള അപ്പവും ഉണ്ടു.
I shall take a slice of bread and butter.	ഞാൻ ഒരു കഷണം അപ്പവും വെണ്ണയും ഭക്ഷിക്കാം.
Is your tea sweet enough?	നിങ്ങളുടെ ചായക്കു മതിയാകുംവണ്ണം മധുരമുണ്ടോ?
Have I put enough sugar in your tea?	നിങ്ങളുടെ ചായയിൽ ഞാൻ മതിയാകുംവണ്ണം പഞ്ചസാര ഇട്ടിരിക്കുന്നുവോ?
This is most excellent tea.	ഇതു ഏററവും വിശേഷമായ ചായ തന്നേ.
You can take another cup.	നിങ്ങൾ വേറെ ഒരു കോപ്പ ചായ കുടിക്ക.
I have taken three cups and I never drink more.	ഞാൻ മൂന്നു കോപ്പ ചായ കുടിച്ചു ഇനി ഞാൻ അധികം ഒരിക്കലും കുടിക്കയില്ല.

24. Supper അത്താഴം.

Will you stay and sup with us?	നിങ്ങൾ ഞങ്ങളോടുകൂടെ അത്താഴം കഴിപ്പാൻ താമസിക്കുമോ?
I am obliged to you, but I am afraid it will be too late.	നിങ്ങൾക്കു ഞാൻ ഉപചാരം പറയുന്നു. എന്നാൽ വളരെ താമസിക്കുമെന്നു കരുതി ഞാൻ ഭയപ്പെടുന്നു.
Pray, do not order anything on purpose for me.	എന്റെ ആവശ്യത്തിലേക്കു വേണ്ടി നിങ്ങൾ യാതൊന്നും ഒരുക്കുവാൻ കല്പിക്കാതിരിക്കേണ്ടതിന്നു ഞാൻ അപേക്ഷിക്കുന്നു.
Do not make any preparation for me.	എനിക്കുവേണ്ടി യാതൊരു ഒരുക്കങ്ങളും ചെയ്യേണ്ടാ.
A little bread and cheese will be sufficient.	കുറെ അപ്പവും പാൽക്കട്ടിയും മതി.
Do you like oysters?	നിങ്ങൾ മുരു ഇഷ്ടപ്പെടുന്നുവോ?
I am very fond of them.	അവയോടു എനിക്കു വളരെ താൽപര്യമുണ്ടു
I shall send for some and we will sup immediately.	ഞാൻ കുറെ വരുത്താം എന്നിട്ടു ഉടനെ നമുക്കു അത്താഴം കഴിക്കാം.
I shall eat a few oysters.	ഞാൻ കുറെ മുരു തിന്നാം.
How do you like them, are they quite fresh?	അവയെ നിങ്ങൾ എങ്ങിനെ ഇഷ്ടപ്പെടുന്നു, അവ തീരേ പച്ചയോ?
They are very good.	അവ വളരെ നല്ലതു.
Will you have a piece of this pine-apple?	ഈ കൈതച്ചക്കയുടെ ഒരു കഷണം നിങ്ങൾ എടുക്കുമോ?
I cannot take anything more.	എനിക്കു അധികമൊന്നും എടുപ്പാൻ കഴികയില്ല.

---

25. Drink പാനം.

Will you take a glass of wine with me?	നിങ്ങൾ എന്നോടുകൂടി ഒരു ഗ്ലാസ്സ് വീഞ്ഞെടുക്കുമോ?
I thank you.	ഞാൻ നിങ്ങൾക്കു വന്ദനം പറയുന്നു.
Which do you prefer, red or white?	ഏതാണ് നിങ്ങൾക്കു അധികം ഇഷ്ടം, ചുകന്നതോ വെളുത്തതോ?

Bring two glasses of wine, one of white and one of red.	ഒന്നു വെളുത്തതും ഒന്നു ചുവന്നതുമായി രണ്ടു ഗ്ലാസ്സ് വീഞ്ഞു കൊണ്ടുവരിക.
I drink your good health.	നിങ്ങളുടെ സുഖവർദ്ധനവിന്നു അനുഗ്രഹിച്ചു ഞാൻ കുടിക്കുന്നു.
What do you wish to drink with your dinner?	നിങ്ങളുടെ തീനൊന്നിച്ചു എന്തു കുടിപ്പാൻ നിങ്ങൾ ഇഷ്ടപ്പെടുന്നു?
Do you drink beer or porter?	നിങ്ങൾ ബീരോ പോർട്ടറോ കുടിക്കുന്നതു?
I will take some beer.	ഞാൻ കുറെ ബീർ എടുക്കാം.
What do you think of this beer?	ഈ ബീരെക്കുറിച്ചു നിങ്ങൾ എന്തു പറയുന്നു?
Is not this beer rather good?	ഇതു സാമാന്യം നല്ല ബീരല്ലയോ?
Very good, indeed.	നിശ്ചയമായി, വളരെ നല്ലതു.

26. School പാഠശാല.

When will the school be opened?	പാഠശാല എപ്പോൾ തുറക്കും?
My brother is somewhat unwell to-day.	എന്റെ സഹോദരന്നു ഇന്നു അല്പം സുഖക്കേടാകുന്നു.
The names of those who will absent themselves for a long time will be struck off the list.	അധികം ദിവസം ഹാജരില്ലാത്തവരുടെ പേരുകൾ പട്ടികയിൽനിന്നു കുത്തിക്കളയുന്നതാകുന്നു.
Say your lesson.	നിന്റെ പാഠം പറക.
Do you know your lesson?	നിന്റെ പാഠം നീ അറിയുന്നുവോ?
You have not learnt your lesson.	നിന്റെ പാഠം നീ പഠിച്ചിട്ടില്ല.
You do not know your lesson.	നിന്റെ പാഠം നീ അറിയുന്നില്ല.
Can you say your lesson?	നിന്റെ പാഠം നിനക്കു പറയുവാൻ കഴിയുമോ?
I cannot say it yet.	അതു ഇനിയും എനിക്കു പറവാൻ കഴികയില്ല.
I can say it.	എനിക്കു അതു പറവാൻ കഴിയും.
I do not think I can.	എനിക്കു കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല.
I cannot say it perfectly.	എനിക്കു അതു പൂർണ്ണമായി പറവാൻ കഴികയില്ല.
Why did you not learn your lesson?	നിന്റെ പാഠം നീ എന്തിന്നായിട്ടു പഠിച്ചിട്ടില്ല?

I forgot to learn it.	അതു പഠിപ്പാൻ ഞാൻ മറന്നുപോയി.
It is too difficult.	അതു വളരെ പ്രയാസമുള്ളതാകുന്നു.
I have had no time to learn it.	എനിക്കു അതു പഠിപ്പാൻ സമയം ഉണ്ടായിരുന്നില്ല.
I shall know it perfectly by to-morrow.	ഞാൻ അതു നാളത്തേൽ പൂൎണ്ണമായി പഠിക്കാം.
Have you done all your tasks?	നീ നിന്റെ എല്ലാം പാഠങ്ങളെയും തീൎത്തിട്ടുണ്ടോ?
My history is not finished.	എന്റെ ചരിത്രപാഠം തീൎന്നിട്ടില്ല.
Have you finished your map?	നീ നിന്റെ പടം തീൎത്തിട്ടുണ്ടോ?
Not quite.	മുഴുവനായിട്ടില്ല.
Make haste, the master will be here presently.	ഉടനെ തീൎക്ക, ഗുരുനാഥൻ ഇപ്പോൾ ഇവിടെ എത്തും.
I shall have finished before he comes.	അദ്ദേഹം വരുന്നതിന്നു മുമ്പെ ഞാൻ തീൎക്കും.
Let him come, I am ready now.	അദ്ദേഹം വരട്ടെ, ഞാൻ ഇപ്പോൾ തയ്യാറായിരിക്കുന്നു.
Have you studied your geography?	നീ നിന്റെ ഭൂഗോളശാസ്ത്രം പഠിച്ചിട്ടുണ്ടോ?
I know it perfectly well.	ഞാൻ അതിനെ നല്ലവണ്ണം അറിയുന്നു.
If you don't know your geometry, you will have an imposition.	നീ നിന്റെ ക്ഷേത്രഗണിതം അറിയുന്നില്ലെങ്കിൽ നിണക്കു പിഴയെഴുത്തു ഉണ്ടാകും.
The lesson of algebra is very difficult.	ബീജഗണിതപാഠം വളരെ പ്രയാസമുള്ളതാകുന്നു.
The master is pretty well satisfied with me.	ഗുരുനാഥൻ എന്നോടു സാമാന്യം തൃപ്തിപ്പെട്ടിരിക്കുന്നു.
I hope to be the first pupil of my class.	ഞാൻ എന്റെ തരത്തിൽ ഒന്നാമനായിട്ടിരിപ്പാൻ ആശിക്കുന്നു.
Where am I to sit?	ഞാൻ എവിടെ ഇരിക്കേണം?
Sit by me.	എന്റെ അടുക്കെ ഇരിക്ക.
Sit a little higher up.	കുറച്ചു മേലോട്ടു ഇരിക്ക.
Sit a little lower down.	കുറച്ചു താഴോട്ടു ഇരിക്ക.
Go and sit down in your place.	നിന്റെ സ്ഥലത്തു പോയിരിക്ക.
Do not make a noise.	ശബ്ദം ഉണ്ടാക്കേണ്ടാ.
Don't make such a noise.	അങ്ങിനത്തെ ശബ്ദം ഉണ്ടാക്കേണ്ടാ.
Do not shake the table.	മേശ ഇളക്കേണ്ടാ.
Lend me your pen.	നിന്റെ തൂവൽ എനിക്കു വായ്പതരിക.

I cannot find my copy-book.	ഞാൻ എൻറ കോപ്പിപുസ്തകം കാണുന്നില്ല.
Where did you leave it?	നീ അതു എവിടെ വെച്ചു?
I left it in my desk.	ഞാൻ അതു എൻറ മേശയിൽ വെച്ചു.
Here it is.	അതു ഇതാ.
Will you have the goodness to lend me your pen-knife?	നീ ദയചെയ്തു നിൻറ പേനക്കത്തി എനിക്കു വായ്പ തരുമോ?
What do you want it for, or what for?	ആയതു നിനക്കു എന്തിനായിട്ടാകുന്നു?
I want it to mend a pen	എനിക്കു ഒരു തൂവൽ നന്നാക്കാനാണ്.
Take this steel-pen.	ഈ ഉരുക്കുതൂവൽ എടുക്ക.
I prefer a goose-quill.	ഞാൻ വാത്തിൻറ തൂവൽ ഇഷ്ടപ്പെടുന്നു.
My pen is good for nothing.	എൻറ തൂവൽ ഒന്നിന്നും നന്നല്ല.
Why don't you use your pen-knife?	നീ എന്തിന്നായിട്ടു നിൻറ പേനക്കത്തി ഉപയോഗിക്കുന്നില്ല.
It does not cut.	അതുകൊണ്ടു മുറിച്ചുകൂടാ.
It is blunt.	അതു മൂർച്ചയില്ലാത്തതാകുന്നു.
It has no edge.	അതിന്നു വായിത്തല ഇല്ല.
It wants setting.	അതു അണെക്കണം.
Shall I mend your pen for you?	ഞാൻ നിണക്കുവേണ്ടി നിൻറ തൂവൽ നന്നാക്കട്ടെയോ?
I thank you, if it is not too much trouble for you.	നിണക്കു അധികമായ ഉപദ്രവം ഇല്ലെങ്കിൽ ആവാം, ഞാൻ നിണക്കു വന്ദനം പറയുന്നു.
No trouble at all.	അശേഷം ഉപദ്രവമില്ല.
Will you have it hard or soft?	അതു നിണക്കു കടുപ്പമായിട്ടോ മൃദുവായിട്ടോ വേണ്ടതു?
I like it hard.	കടുപ്പം ഞാൻ താൽപര്യപ്പെടുന്നു.
Here it is, try it.	ഇതാ, എഴുതി നോക്ക.
It is too fine.	അതു വളരെ നേർത്തുപോയിരിക്കുന്നു.
It is not slit enough.	അതു മതിയാകുംവണ്ണം കീറീട്ടില്ല.
Can you translate these Malayalam sentences literally into English?	ഈ മലയാളവാചകങ്ങളെ അക്ഷരപ്രകാരം ഇംഗ്ലീഷിൽ ഭാഷാന്തരം ചെയ്‌വാൻ നിങ്ങൾക്കു കഴിയുമോ?
It is impossible to translate these sentences literally into Malayalam.	ഈ വാചകങ്ങളെ അക്ഷരപ്രകാരം മലയാളത്തിൽ ഭാഷാന്തരം ചെയ്‌വാൻ പ്രയാസം.

27. Writing a Letter ഒരു കത്തെഴുത്തു.

Have you any letter-paper?	നിങ്ങളുടെ പക്കൽ വല്ല കത്തെഴുതുന്ന കടലാസ്സുണ്ടോ?
I have just bought a ream.	ഞാൻ ഇപ്പോൾ തന്നെ ഒരു കെട്ടു വാങ്ങീട്ടുണ്ടു.
Oblige me by lending a sheet.	ദയചെയ്തു ഒരു പായ് കടലാസ്സ് എനിക്കു വായ്പ തരിക.
I have a letter to write this evening.	എനിക്കു ഇന്നു വൈകുന്നേരം ഒരു കത്തു എഴുതാനുണ്ടു.
Is it for the post?	ആയതു തപ്പാലിൽ അയപ്പാനോ?
Yes, it must go to-day.	അതേ, അതു ഇന്നു പോകേണം.
Please give me an envelope.	ദയചെയ്തു എനിക്കു ഒരു ലക്കോട്ട് തരിക [ന്നു.
I am going to close my letter.	ഞാൻ എന്റെ കത്തു പൂട്ടുവാൻ പോകു
Only the address remains to be written.	മേൽവിലാസം മാത്രമേ ഇനി എഴുതാനുള്ളു.
The letter is not sealed.	കത്തിന്നു മുദ്ര വെച്ചിട്ടില്ല.
There is no sealing-wax.	അരക്കില്ല.
What has become of my seal?	എന്റെ മുദ്ര എന്തായിപ്പോയി?
Please post this letter.	ദയചെയ്തു ഈ കത്തു തപ്പാലിൽ ഇടുക.
Pay the postage.	അതിന്റെ തപ്പാൽകൂലി കൊടുക്ക.
I expect a letter from my brother in a day or two.	ഒന്നുരണ്ടു ദിവസത്തിൽ എന്റെ സഹോദരന്റെ ഒരു കത്തു വരും എന്നു തോന്നുന്നു.
My last letter to him must have miscarried.	ഞാൻ അവന്നു ഒടുവിൽ എഴുതിയ കത്തു എവിടെയോ പോയ്പ്പോയിരിക്കേണം.
How long is it since you heard from him?	അവന്റെ എഴുത്തു വന്നിട്ടു എത്ര ദിവസമായി?

28. Marketing കൊടുക്കൽ വാങ്ങൽ എന്ന അങ്ങാടിപ്രവൃത്തി.

You must go to market.	നീ ചന്തയിൽ പോകേണം.
See, how ducks and fowls sell to-day.	ഇന്നു ആതികളെയും കോഴികളെയും എങ്ങിനെ വില്ക്കുന്നെന്നു നോക്ക.
Do you want any eggs to-day?	ഇന്നു നിങ്ങൾക്കു വല്ല മുട്ടകളും ആവശ്യമുണ്ടോ?

Yes, buy some eggs and butter.	അതേ, കുറേ മുട്ടയും വെണ്ണയും വാങ്ങുക.
As you go to market call at the butcher's.	നീ ചന്തയിൽ പോകുമ്പോൾ കശാപ്പുസ്ഥലത്തിലും പോക.
Tell butcher to send some beef to salt.	ഉപ്പിടാനായിട്ടു കുറേ ഗോമാംസം അയക്കേണ്ടതിന്നു കശാപ്പുകാരനോടു പറക.
Ask him if he has good mutton.	അവന്റെ പക്കൽ നല്ല ആട്ടുമാംസം ഉണ്ടോ എന്നു അവനോടു ചോദിക്ക.
If he has not, get it somewhere else.	അവന്റെ പക്കൽ ഇല്ലെങ്കിൽ എവിടെനിന്നെങ്കിലും വാങ്ങുക.
See if he has nice tongues.	അവന്റെ പക്കൽ നല്ല നാവ് ഉണ്ടോ എന്നു നോക്ക.
Tell him to send the bill along with it.	അതോടുകൂടെ ബിൽ അയപ്പാനായിട്ടു അവനോടു പറക.
Buy me seven yards of this kind of cloth and four yards of silk.	എനിക്കു ഈ മാതിരി തുണി ഏഴുവാരയും പട്ടു നാലുവാരയും വാങ്ങിക്കൊണ്ടുവരിക.
Can you get the silk in the Sett's Bazar of this pattern?	ഈ മാതിരി പട്ടു ശേട്ടുവിന്റെ ബജാറിൽ കിട്ടുമോ?
It is a very pretty pattern, but I wish the colours were lighter.	അതു നല്ല ചേലുള്ള മാതിരിയെങ്കിലും അതിന്റെ നിറം അധികം കുറഞ്ഞിരുന്നുവെങ്കിൽ കൊള്ളായിരുന്നു.

29. The watch ഘടികാരം.

Do you know what is the time by your watch?	നിങ്ങളുടെ ഘടികാരംകൊണ്ടു എത്ര സമയമായെന്നു നിങ്ങൾ അറിയുമോ?
I don't know exactly.	ഞാൻ കൃത്യമായിട്ടറിയുന്നില്ല.
Look at your watch.	നിങ്ങളുടെ ഘടികാരത്തിൽ നോക്ക.
It is not wound up.	അതിന്നു താക്കോൽ കൊടുത്തിട്ടില്ല.
I forgot to wind it up.	അതിന്നു താക്കോൽ കൊടുപ്പാൻ ഞാൻ മറന്നുപോയി.
It does not go.	അതു നടക്കുന്നില്ല.
It has stopped.	അതു നിന്നുപോയിരിക്കുന്നു.
What o'clock is it by yours?	നിങ്ങളുടേതിൽ എത്ര മണിയായി?

Does yours go well?	നിങ്ങളുടേതു നല്ലവണ്ണം നടക്കുന്നുവോ?
It is not right, it is too fast.	അതു ശരിയല്ല, അതു അധികം വേഗത്തിൽ പോകും.
It stops now and then.	അതു കൂടക്കൂടെ നിന്നുപോകുന്നു.
It goes too slow.	അതു വളരെ മെല്ലെ പോകുന്നു.
It loses a quarter of an hour every day.	അതു എല്ലാദിവസവും കാൽമണിക്കൂറു കുറവായി പോകുന്നു.
It gains half an hour every day.	അതു എല്ലാദിവസവും അരമണിക്കൂർ അധികം പോകുന്നു.
Something is out of order in it.	അതിൽ ചില ക്രമക്കേടുകൾ ഉണ്ടു.
The main spring is broken.	അതിൻെറ പ്രധാനകമ്പി പൊട്ടിയിരിക്കുന്നു.
You must get it repaired.	നിങ്ങൾ അതു നന്നാക്കിക്കേണം.
I am going to send it to the watch-maker.	ഞാൻ അതു ഘടികാരം നന്നാക്കുന്നവൻെറ അടുക്കൽ അയപ്പാൻ പോകുന്നു.

---

30. Rising ഉറക്കം ഉണരുക.

It is time to get up.	എഴുനീല്പാൻ സമയമായി.
It is impossible, I have not been in bed two hours.	അതു പ്രയാസമുള്ളതാകുന്നു, ഞാൻ ഉറങ്ങീട്ടു രണ്ടു മണിക്കൂറായിട്ടില്ല.
Two hours! you have been in bed almost six.	രണ്ടു മണിക്കൂറോ! നീ ഏകദേശം ആറു മണിക്കൂറോളമായി ഉറങ്ങുന്നു.
I was so comfortable when you awoke me.	നീ എന്നെ ഉണർത്തിയപ്പോൾ ഞാൻ വളരെ സുഖത്തോടുകൂടി കിടക്കയായിരുന്നു.
Make haste, and dress yourself quickly.	വേഗം എഴുനീററു, ഉടുപ്പിടുക.
Why such a hurry?	അത്ര ബദ്ധപ്പാടു എന്തിനായിട്ടാകുന്നു?
All the boys have been in school this quarter of an hour and more.	എല്ലാ കുട്ടികളും പാഠശാലയിൽ പോയിട്ടു കാൽമണിക്കൂറോ അതിലധികമോ ആയി.
Well, can't they begin without me?	നല്ലതു, അവക്കു എന്നെക്കൂടാതെ തുടങ്ങുവാൻ കഴികയില്ലയോ?

If you loiter so, they are indeed very likely to begin without you. But beware of punishment.	നീ ഇങ്ങിനെ താമസിക്കുന്നതാണെങ്കിൽ പക്ഷെ അവർ നിന്നെക്കൂടാതെ തുടങ്ങുവാൻ ഇടവരുന്നതാകുന്നു. എങ്കിലും ശിക്ഷയെ സൂക്ഷിച്ചുകൊൾക.
How can I help it, is it my fault if I am sleepy?	ഞാൻ എന്തു ചെയ്യേണ്ടു, എനിക്കു ഉറക്കുണ്ടെങ്കിൽ അതു എന്റെ കുററമോ?
Come, come, I have no time to argue with you.	വരിക, വരിക, എനിക്കു നിന്നോടു തൎക്കിപ്പാൻ സമയമില്ല.
I got up very early to-day.	ഞാൻ ഇന്നു വളരെ കാലത്തെ എഴുനീററു.
When you got up, what was the first thing you did?	നിങ്ങൾ എഴുന്നീററപ്പോൾ ഒന്നാമതു ചെയ്ത പണി എന്തു?
I cleaned my teeth, washed my face, learned my lesson and then I breakfasted.	ഞാൻ പല്ലു തേച്ചു-മുഖം കഴുകി പാഠം പഠിച്ചു, എന്നതിന്റെ ശേഷം പ്രാതൽ കഴിച്ചു.

31. Morning രാവിലെ.

You are up!	നിങ്ങൾ എഴുനീററിരിക്കുന്നു!
You got up very early.	നിങ്ങൾ വളരെ കാലത്തെ എഴുനീററു.
I commonly rise very early.	ഞാൻ സാധാരണയായി വളരെ കാലത്തെ എഴുനീല്ക്കുന്നു.
It is very good habit.	അതു നല്ല നടപ്പാണ്.
It is very good for the health.	അതു ശരീരസുഖത്തിന്നു വളരെ നല്ലതാകുന്നു.
How did you sleep last night?	നിങ്ങൾ കഴിഞ്ഞ രാത്രി എങ്ങിനെ ഉറങ്ങി?
Very well, I never awoke all night.	നല്ലവണ്ണം ഉറങ്ങി, ഞാൻ രാത്രി മുഴുവൻ ഒരിക്കലും ഉണൎന്നിട്ടില്ല.
I could not sleep a wink.	എനിക്കു കണ്ണു ചിമ്മാൻ കഴിഞ്ഞില്ല.
I never closed my eyes all night.	രാത്രി മുഴുവനും ഞാൻ കണ്ണു പൂട്ടീട്ടില്ല.
Well, let us go for a little airing.	നല്ലതു, നാം കുറച്ചു കാററുകൊള്ളാൻ പോകാം.
It will sharpen our appetite.	അതു നമുക്കു വിശപ്പിനെ ഉണ്ടാക്കും.
The walk will give us appetite.	നടത്തം നമുക്കു വിശപ്പുണ്ടാക്കും.

32. Evening വൈകുന്നേരം.

I went to bed very early.	ഞാൻ നേരത്തെ കിടപ്പാൻ പോയി.
When did you go to bed?	നിങ്ങൾ എപ്പോൾ ഉറങ്ങാൻ പോയി?
You must go to bed early and get up early.	നിങ്ങൾ നേരത്തെ ഉറങ്ങുവാൻ പോകുകയും കാലത്തെ എഴുന്നീല്ക്കുകയും ചെയ്യണം.
It is almost time to go to bed.	ഉറങ്ങാൻ പോകേണ്ടതിനു ഏകദേശം സമയമായിരിക്കുന്നു.
My brother has not come home yet.	എന്റെ സഹോദരൻ ഇനിയും വീട്ടിൽ വന്നിട്ടില്ല.
I think he will not be long.	അവൻ അധികം താമസിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നു.
I hear a knock.	ഞാൻ ഒരു മുട്ടു കേൾക്കുന്നു.
Very likely it is he that knocks.	മുട്ടുന്നതു പക്ഷേ അവൻ തന്നേ ആയിരിക്കും.
Go and see.	പോയി നോക്കു.
Just so, it is he.	ശരി, അതു അവൻ തന്നെ ആകുന്നു.
I hope, I have not made you wait.	ഞാൻ നിങ്ങളെ താമസിപ്പിച്ചിട്ടില്ലെന്നു വിചാരിക്കുന്നു.
Not in the least, it is but ten o'clock.	അശേഷം ഇല്ല, ഇപ്പോൾ പത്തുമണി മാത്രമേ ആയിട്ടുള്ളു.
We never go to bed before half past ten.	പത്തരമണിക്കു മുമ്പെ നാം ഒരിക്കലും ഉറങ്ങാൻ പോകാറില്ല.
I come just in time.	ഞാൻ തക്കസമയത്തു വന്നു.
Won't you rest yourself a little?	നിങ്ങൾ അല്പം സുഖം എടുക്കുന്നില്ലയോ?
No, I thank you, I shall go to bed.	ഇല്ല, നിങ്ങൾക്കു വന്ദനം, ഞാൻ ഉറങ്ങുവാൻ പോകുന്നു.
I do not like to go to bed late.	വൈകീട്ടുറങ്ങാൻ പോകുന്നതു എനിക്കു ഇഷ്ടമില്ല.
I wish you a good night.	ഞാൻ നിങ്ങൾക്കു സലാം പറയുന്നു.
I wish you the same.	അതേപ്രകാരം നിങ്ങൾക്കും സലാം.

33. Universal wonders പ്രപഞ്ചാത്ഭുതങ്ങൾ.

Look at the universal wonders of God!	ദൈവത്തിന്റെ പ്രപഞ്ചാത്ഭുതങ്ങളെ നോക്കു!
Sometimes the sun is eclipsed and sometimes the moon.	ചില സമയങ്ങളിൽ സൂൎയ്യനും ചിലപ്പോൾ ചന്ദ്രനും ഗ്രഹണം മറയുന്നു.
These wonders are called the eclipse of the sun and of the moon.	ഈ അത്ഭുതങ്ങളെ സൂൎയ്യഗ്രഹണമെന്നും ചന്ദ്രഗ്രഹണമെന്നും പറയുന്നു.
Thunder and lightning are frequent in the monsoon.	ഇടിയും മിന്നലും മഴക്കാലത്തുണ്ടാകുന്നതു നടപ്പാണ്.
Storms and whirlpools are dangerous.	കൊടുങ്കാററും നീൎച്ചുഴിയും അപകടമുള്ളതാകുന്നു.
Earthquakes and whirlwinds destroy the buildings.	ഭൂകമ്പവും ചുഴലിക്കാററും എടുപ്പുകളെ നശിപ്പിക്കുന്നു.
Have you ever seen a meteor falling?	കൊള്ളിമീൻ വീഴുന്നതിനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?
How beautiful the dewdrops appear on green grass!	മഞ്ഞുതുള്ളികൾ പച്ചപ്പുല്ലിന്മേൽ എത്ര ഭംഗിയുള്ളതായി കാണുന്നു!
Look at the diverse colours in a rainbow!	ഒരു മഴവില്ലിൽ പലപ്രകാരമുള്ള നിറങ്ങളെ നോക്കു!

34. The weather കാലം.

How is the weather?	ഋതുസ്ഥിതി എങ്ങിനെ?
What sort of a weather is it?	ഋതാവസ്ഥ എങ്ങിനെ?
It is bad weather.	ഋതാവസ്ഥ നന്നല്ല.
It is cloudy.	മൂടൽ പിടിച്ചിരിക്കുന്നു.
It is fine weather.	ഇതു നിൎമ്മലകാലമാകുന്നു.
It is rainy weather.	ഇതു മഴക്കാലമാകുന്നു.
It is dewy.	ഇതു മഞ്ഞുള്ള കാലമാകുന്നു.
Ir is foggy.	ഇതു മൂടൽമഞ്ഞുള്ള കാലമാകുന്നു.
The sky is overcast.	ആകാശം കാർകൊണ്ടു മൂടിയിരിക്കുന്നു.
The sky becomes very black.	ആകാശം വളരെ കറുത്തുവരുന്നു.
The sun begins to break out.	സൂൎയ്യൻ പ്രകാശിപ്പാൻ തുടങ്ങുന്നു.
It is very warm.	വളരെ ഉഷ്ണമുണ്ടു.

It is sultry hot.	കഠിനമായ ഉഷ്ണമുണ്ടു.
It is terribly cold.	ഭയങ്കരമായ കുളിർ ഉണ്ടു.
It is going to rain.	മഴ പെയ്യാൻ പോകുന്നു.
There are some drops falling.	ചില തുള്ളികൾ വീഴുന്നു.
It hails.	കല്മഴ പെയ്യുന്നു.
It drizzles.	മഴ ചാറുന്നു.
It is very windy.	വളരെ കാറ്റുണ്ടു.
There is no air stirring.	കാറ്റു ചലിക്കുന്നില്ല.
It thunders.	ഇടി മുഴങ്ങുന്നു.
It has thundered all day long.	പകൽ മുഴുവനും ഇടി മുഴങ്ങിക്കൊണ്ടിരുന്നു
The thunderbolt has fallen.	ഇടിവാൾ വീണിരിക്കുന്നു.
We shall have a storm.	നമുക്കു ഒരു കൊടുങ്കാറ്റുണ്ടാകും.
It is very dusty.	വളരെ മണ്ണു പാറുന്നു.
It is very slippery.	വളരെ വഴുക്കൽ ഉണ്ടു.
At this time of the year the mornings and evenings are cool.	വൎഷത്തിന്റെ കാലത്തു രാവിലെയും വൈകുന്നേരവും തണുപ്പുണ്ടു.
The monsoon has now fairly set in.	മഴക്കാലം ഇപ്പോൾ നന്നായി തുടങ്ങിയിരിക്കുന്നു.
This is the last rainy month.	ഇതു മഴയുടെ ഒടുക്കത്തെ മാസമാകുന്നു.

35. The Seasons ഋതുക്കൾ.

It is very hot this year.	ഈ കൊല്ലം വളരെ ഉഷ്ണം തന്നേ.
If I am right, the heat was not so oppressive last year at the same time.	എന്റെ അഭിപ്രായം ശരിയാണെങ്കിൽ കഴിഞ്ഞകൊല്ലം ഈ കാലത്തു ഉഷ്ണം അത്ര പീഡിപ്പിക്കത്തക്കതല്ലായിരുന്നു.
I think we may expect rain to-day.	ഇന്നു മഴയുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു.
A thunder-storm is coming on.	മിന്നലും ഇടിയും സഹിതം ഒരു കൊടുങ്കാറ്റു വരുന്നു.
I wish we had a good rain, the dust on the road has really become a nuisance.	ഒരു നല്ല മഴ ഉണ്ടാവാൻ ഞാൻ ആഗ്രഹിക്കുന്നു, വഴിയിലെ പൊടി ഒരു ജനോപദ്രവകാൎയ്യമായി തീൎന്നിരിക്കുന്നു.
A thunder-storm clears the atmosphere wonderfully.	ഒരു മേഘക്കൊടുങ്കാറ്റു ആശ്ചൎയ്യമായി ആകാശത്തെ നിൎമ്മലമാക്കിത്തീൎക്കും.

One feels quite relieved afterwards.	അതിന്റെ ശേഷം പൂൎണ്ണ ആശ്വാസം തോന്നും.
Do you like the hot weather.	ഉഷ്ണകാലം നിങ്ങൾക്കു പഥ്യം തന്നേയോ?
I like it for some time, but I am usually glad when the rain makes its appearance.	ചില സമയത്തേക്കു അതു എനിക്കു ഇഷ്ടം തന്നേ, എന്നാൽ മഴ അടുക്കുമ്പോൾ എനിക്കു പതിവായി സന്തോഷമുള്ളതാകുന്നു.
I hope we shall have a good mango harvest this season.	ഈ കാലം നമുക്കു വളരെ മാങ്ങ ഉണ്ടാകുമെന്നു ഞാൻ ആശിക്കുന്നു.
I hope so too, mangoes are a delicious fruit.	ഞാനും അങ്ങിനെ ആശിക്കുന്നു, മാങ്ങ വളരെ രുചിയുള്ള ഫലമാകുന്നു.
So are pine-apples, but they should be eaten sparingly.	കൈതച്ചക്കയും അപ്രകാരമുള്ളതാകുന്നു, എന്നാൽ അതു അല്പമായേ ഭക്ഷിക്കാവൂ.
The monsoon has burst.	വൎഷകാലം തുടങ്ങി.
It has come rather early this year.	അതു ഈ കൊല്ലം ഏററവും കാലത്തേ തുടങ്ങിയിരിക്കുന്നു.
It is considerably late.	അതു ഏററവും വൈകീട്ടാണ്.
The rain is coming down in torrents.	മഴ വലിയ തുള്ളികളായിട്ടു പെയ്യുന്നു.
The rivers are full to overflowing.	പുഴകൾ കവിഞ്ഞൊഴുകുവാൻ തക്കവണ്ണം നിറഞ്ഞിരിക്കുന്നു.
It does not rain, it pours a regular deluge.	മഴ പെയ്യുകയല്ല, അതു ഒരു യഥാൎത്ഥ പ്രളയകാലംപോലെ ഒന്നായി കോരിച്ചൊരിയുന്നു.
But for the damp, I like the monsoon rather.	നനവു ഇല്ലെങ്കിൽ വൎഷകാലം ഞാൻ അധികം ഇഷ്ടപ്പെടുന്നു.
It is a pleasant change after the sultry heat of April and May.	ഏപ്രിൽ മേയി മാസങ്ങളിലെ കഠിന ഉഷ്ണത്തിന്റെ ശേഷം അതു ഒരു മനോഹരമുള്ള മാററമാകുന്നു.
Yes, but leaky roofs cannot exactly be called pleasant.	അതേ, എന്നാൽ ചോൎച്ചയുള്ള വീടുകൾ മനോഹരമുള്ളതെന്നു ചൊല്ലിക്കൂടാ.
Certainly not, in order to enjoy the monsoon you should have a snug comfortable room and, above all, a safe roof over your head.	നിശ്ചയമായി അല്ലാ, വൎഷകാലം ഉല്ലാസത്തിൽ അനുഭവിക്കേണ്ടതിന്നു ഒരു അടക്കവും സുഖവുമുള്ള മുറിയും എല്ലാററിന്നും പുറമേ കേടില്ലാത്ത ഒരു മേല്പുരയും ഉണ്ടായിരിക്കണം.

It is one of the pleasures of life to have a good book in a corner of a monsoon evening when the wind is howling round the house.	ഒരു വൎഷസന്ധ്യാകാലത്തിൽ വീട്ടിനു ചുററും കാററു ഉരമ്പുമ്പോൾ അതിന്റെ ഒരു സുഖമുള്ള മൂലക്കൽ ഒരു നല്ല പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നതു ജീവിതസന്തോഷങ്ങളിൽ ഒന്നു ആകുന്നു.
Christmas is again before the door.	ക്രിസ്തുൻപെരുന്നാൾ വീണ്ടും വാതിലിന്റെ മുമ്പിൽ ആയി, or ക്രിസ്തുൻ പെരുന്നാൾ വീണ്ടും സമീപിച്ചു.
Where do you intend to go for the holidays?	പെരുന്നാൾക്കു നിങ്ങൾ എവിടെ പോകുവാൻ വിചാരിക്കുന്നു?
I don't think I shall go anywhere.	ഞാൻ എങ്ങും പോകുമെന്നു വിചാരിക്കുന്നില്ല.
I intend to spend Christmas at home.	പെരുന്നാൾ വീട്ടിൽ തന്നേ കഴിക്കേണമെന്നു ഞാൻ വിചാരിക്കുന്നു.
How delightfully cool it is now in the morning.	ഇപ്പോൾ രാവിലെ എത്ര ഇമ്പമുള്ള തണുപ്പുണ്ടു!
Yes, also at night it is rather cool.	അതേ, രാത്രിയിലും നന്നെ തണുപ്പുണ്ടു.
One blanket does not keep me warm enough, I require two of them now.	ഒരു കമ്പിളി എന്നെ മതിയാകുംവണ്ണം ചൂടാക്കുന്നില്ല, ഇപ്പോൾ അതു രണ്ടെണ്ണം വേണം.
How do you like the cool season?	തണുപ്പുകാലത്തെ നിങ്ങൾ എങ്ങിനെ ഇഷ്ടപ്പെടുന്നു?
It is the season I like best.	എനിക്കു അത്യന്തം ഇഷ്ടമുള്ള കാലം അതാകുന്നു.
Everything looks still green and fresh and one feels quite braced.	എല്ലാം ശാന്തമായും, പച്ചയായും, പുതിയതായും കാണപ്പെടുകയും, അശേഷം ഉണൎവ്വുണ്ടാക്കുകയും ചെയ്യുന്നു.
I wish you a happy new year!	പുതിയ കൊല്ലം നിങ്ങൾക്കു ഒരു ഭാഗ്യമുള്ളതാവാൻ ഞാൻ ആഗ്രഹിക്കുന്നു.
Thank you, I wish you the same.	നിങ്ങൾക്കു വന്ദനം, നിങ്ങൾക്കും അങ്ങിനെയാവാൻ ഞാൻ ആഗ്രഹിക്കുന്നു.
I hope it may be a prosperous one and bring you many blessings.	അതു ഒരു ശുഭപ്രദമായതും നിങ്ങൾക്കു വളരെ അനുഗ്രഹങ്ങളെ വരുത്തുന്നതും ആയിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

36. Change of money നാണ്യം മാററൽ.

Have you any change?	നിങ്ങളുടെ വക്കൽ വല്ല ചില്ലറയുമുണ്ടോ?
I want change for a rupee.	എനിക്കു ഒരു ഉറുപ്പികക്കു ചില്ലറ വേണം.
Can you change me a rupee?	എനിക്കു ഒരു ഉറുപ്പിക മാററിത്തരുമോ
I have no change about me.	എൻെറ വക്കൽ ചില്ലറയില്ല.
I have not silver enough.	എൻെറ വക്കൽ വെള്ളിനാണ്യം തികച്ചില്ല.
Go and get it changed at the next shop.	ആ അടുത്ത പീടികയിൽ പോയി മാററി കൊണ്ടുവരിക.
Have you got it changed?	നിണക്കു അതു മാററിക്കിട്ടിയോ?
Yes, here is the change.	അതേ, ചില്ലറ ഇതാ.
Are the coins all good?	നാണ്യങ്ങളെല്ലാം നല്ലതോ?
I believe they are, you may look at them.	അവയൊക്കെ നല്ലതാണെന്നു ഞാൻ വിചാരിക്കുന്നു, അവയെ നിങ്ങൾ നോക്കിയാലും.
This coin is not current now.	ഈ നാണ്യം ഇപ്പോൾ നടപ്പില്ല.
This is a counterfeit coin.	ഇതൊരു കള്ളനാണ്യമാകുന്നു.

37. On examination പരീക്ഷയെ സംബന്ധിച്ചു.

Inspector has come to examine the schools here.	ഇൻസ്പെക്ടർ ഇവിടുത്തെ പള്ളിക്കൂടങ്ങളെ പരീക്ഷിപ്പാൻ വന്നിരിക്കുന്നു.
Several of the fourth class boys will be examined to-day.	നാലാംതരത്തിലെ ഏതാനും കുട്ടികളെ ഇന്നേത്തേൽ പരീക്ഷിക്കും.
In which part of the day will the examination take place?	പകൽസമയത്തു ഏതുനേരം പരീക്ഷ ഉണ്ടാകും?
When did the annual examination take place?	വർഷാന്തരപരീക്ഷ എപ്പോൾ ആരംഭിച്ചു?
Were you present at the last examination?	കഴിഞ്ഞ പരീക്ഷക്കു നിങ്ങൾ ഹാജരായിരുന്നുവോ?
Had you worked harder, you would have passed.	നിങ്ങൾ നല്ലവണ്ണം അഭ്യാസിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ നിങ്ങൾ ജയിക്കുമായിരുന്നു.
What sort of questions were given to you?	എന്തുമാതിരി ചോദ്യങ്ങൾ നിങ്ങൾക്കു കൊടുക്കപ്പെട്ടു?

Last year we had all difficult questions.	കഴിഞ്ഞുകൊല്ലം ഞങ്ങൾക്കു എല്ലാം പ്രയാസമുള്ള ചോദ്യങ്ങൾ ഉണ്ടായിരുന്നു.
We did not find much difficulty in translating from English into Malayalam.	ഇംഗ്ലീഷു മലയാളത്തിലേക്കു ഭാഷാന്തരം ചെയ്യുന്നതിൽ അധികമായ പ്രയാസം ഞങ്ങൾ കണ്ടില്ല.
When will your oral examination take place?	നിങ്ങളുടെ വാമൊഴിപ്പരീക്ഷ എപ്പോൾ ആരംഭിക്കും.
Revise your books carefully.	നിങ്ങളുടെ പുസ്തകങ്ങളെ സൂക്ഷ്മതയോടെ ആവൎത്തിക്ക.
Please let me know the result of your examination.	നിങ്ങളുടെ പരീക്ഷയുടെ ജയാപജയം എന്നെ അറിയിപ്പാൻ താൽപൎയ്യപ്പെടുന്നു.

---

38. Miscellaneous പലവിധമുള്ളതു.

We ought to love all mankind.	നാം എല്ലാ മനുഷ്യജാതികളെയും സ്നേഹിക്കേണം.
He spoke to us in this manner.	അവൻ ഇങ്ങിനെ ഞങ്ങളോടു സംസാരിച്ചു.
How can they work without materials?	പണിസാധനങ്ങൾ കൂടാതെ അവൎക്കു എങ്ങിനെ പണി എടുപ്പാൻ കഴിയും.
He is now become a big merchant in Bombay.	അവൻ ബൊമ്പായിൽ ഇപ്പോൾ ഒരു വലിയ കച്ചവടക്കാരനായി തീൎന്നിരിക്കുന്നു.
I walked two miles, and met no one.	ഞാൻ രണ്ടു മൈത്സ് നടന്നു ആരെയും കണ്ടുമുട്ടിയില്ല.
Why do you thus loiter away your time?	നിങ്ങൾ നിങ്ങളുടെ സമയത്തെ ഇങ്ങിനെ എന്തിന്നായിട്ടു മിനക്കേടാക്കികളയുന്നു?
He lost his way in coming from the School.	അവൻ പാഠകശാലയിൽനിന്നു വരുമ്പോൾ വഴി തെററിപ്പോയി.
Lower this bucket into the well.	ഈ പാള കിണററിൽ താക്കുക.
I shall respect him as long as I live.	ഞാൻ ജീവനോടുകൂടിയുള്ള കാലത്തോളം അവനെ ബഹുമാനിക്കും.
Is this gun loaded?	ഈ തോക്കു നിറച്ചിരിക്കുന്നുവോ?
Do you know the virtue of the loadstone?	അയസ്കാന്തത്തിൻെറ ഗുണം നിങ്ങൾ അറിയുമോ?

Where shall we lodge to night?	ഇന്നു രാത്രി നാം എവിടെ താമസിക്കും?
Why did you let loose the dog?	നിങ്ങൾ എന്തിന്നായിട്ടു നായിനെ കഴിച്ചുവിട്ടു?
Lift up the lid of this box.	ഈ പെട്ടിയുടെ മൂടി പൊന്തിക്കുക.
We must lighten the boat, otherwise it will sink.	നാം തോണി ഘനം കുറക്കേണ്ടതാകുന്നു, അല്ലെങ്കിൽ അതു മുങ്ങിപ്പോകും.
He thinks nothing of telling a lie.	കളവു പറയുന്നതുകൊണ്ടു ഒന്നും ഇല്ലെന്നു അവൻ വിചാരിക്കുന്നു.
Why do you laugh without reason?	സംഗതി കൂടാതെ നിങ്ങൾ എന്തിന്നായിട്ടു ചിരിക്കുന്നു?
Here is a knot in this string, loose it.	ഈ ചരട്ടിന്നു ഒരു കടുക്കുണ്ടു, അതിനെ അഴിക്ക.
What is wealth without knowledge?	അറിവില്ലാതെ ധനംകൊണ്ടു എന്താവശ്യം?
They labour hard for their living.	അവരുടെ ഉപജീവനത്തിന്നു വേണ്ടി അവർ കഠിനമായി അദ്ധ്വാനിക്കുന്നു.
The judge summoned up the evidence and the jury gave their verdict.	ന്യായാധിപതി തെളിവെടുത്തു ജൂറിമാർ അവരുടെ വിധി പറകയും ചെയ്തു.
The judge punished the delinquent.	ന്യായാധിപതി കുററക്കാരനെ ശിക്ഷിച്ചു.
Squeeze some juice out of this lemon.	ഈ പുളിനാരങ്ങയിൽനിന്നു കുറെ നീർ പിഴിയുക.
God is just and merciful.	ദൈവം നീതിയുള്ളവനും കരുണയുള്ളവനും ആകുന്നു.
This is not justice.	ഇതു നീതിയല്ല.
He says nothing in justification of it.	അതിന്മേൽ നീതീകരണമായിട്ടു അവൻ ഒന്നും പറയുന്നില്ല.
It is sinful to kill animals without cause.	സംഗതി കൂടാതെ പ്രാണികളെ കൊല്ലുന്നതു പാപമാകുന്നു.
Why should we interfere in that affair?	ആ കാൎയ്യത്തിൽ നാം എന്തിന്നായിട്ടു കയ്യിടേണം.
Will you please interpret what he says to me?	അവൻ എന്നോടു പറയുന്നതിനെ നിങ്ങൾ ദയചെയ്തു എനിക്കു പരിഭാഷപ്പെടുത്തിത്തരുമോ?

39. Dialogue between an Englishman and a Native

ഒരു ഇംഗ്ലീഷുകാരനും നാട്ടുകാരനുമായിട്ടുള്ള സംഭാഷണം.

Sir, are you an Englishman?	സാഹേബ്ബു, നിങ്ങൾ ഒരു ഇംഗ്ലിഷ്കാരനോ?
What part of England do you come from?	നിങ്ങൾ ഇംഗ്ലണ്ടിന്റെ ഏതു ഭാഗത്തിൽനിന്നു വരുന്നു?
What is the name of your town?	നിങ്ങളുടെ പട്ടണത്തിന്റെ പേർ എന്താകുന്നു?
Have you been long in India?	നിങ്ങൾ ഇന്ത്യയിൽ അധികകാലമായോ?
Ten years.	പത്തു കൊല്ലമായി.
You are almost naturalised.	നിങ്ങൾ കേവലം സ്വദേശിയെപ്പോലെ ആയിരിക്കുന്നു.
How do you like India?	നിങ്ങൾ ഇന്ത്യയെ എങ്ങിനെ ഇഷ്ടപ്പെടുന്നു?
I like it pretty well.	ഞാൻ അതിനെ സാമാന്യം നല്ലവണ്ണം ഇഷ്ടപ്പെടുന്നു.
I understand you like India better than England.	നിങ്ങൾ ഇന്ത്യയെ ഇംഗ്ലാണ്ടിനെക്കാൾ അധികം നല്ലവണ്ണം ഇഷ്ടപ്പെടുന്നൊന്നു ഞാൻ അറിയുന്നു.
It is true, sir, but a man cannot help being partial to his own country.	സാഹേബ്ബു, അതു സത്യം തന്നേ, എങ്കിലും ഒരാൾ തന്റെ സ്വന്തരാജ്യത്തിന്നു പക്ഷം പറയാതെ ഇരിപ്പാൻ നിർവ്വാഹമില്ല.
I do not blame you.	ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല.
It is natural.	അതു സ്വാഭാവികമാകുന്നു.
Do you know where I live.	ഞാൻ എവിടെ താമസിക്കുന്നെന്നു നിങ്ങൾ അറിയുമോ?
I shall always be glad to see you whenever you will do me the honour to come and see me.	നിങ്ങൾ എപ്പോഴെല്ലാം എന്നെ വന്നു കാണുന്നുവോ അപ്പോഴൊക്കയും ഞാൻ നിങ്ങളെ കാണ്മാൻ സന്തോഷിക്കുന്നു.
You are very kind, sir, but I am afraid of being troublesome.	സാഹേബ്ബു, നിങ്ങൾ വളരെ ദയയുള്ളവനാകുന്നു, എങ്കിലും നിങ്ങൾക്കു ഉപദ്രവമാകുമോ എന്നുവെച്ചു ഞാൻ ഭയപ്പെടുന്നു.
Do not be afraid of that.	അതിനെക്കുറിച്ചു ഭയപ്പെടേണ്ടാ.

I like the natives, and it is always a pleasure for me to see them in my house.	ഞാൻ നാട്ടുകാരെ ഇഷ്ടപ്പെടുകയും അവരെ എൻ്റെ വീട്ടിൽ കാണുന്നതു എനിക്കു വളരെ സന്തോഷകരമായിരിക്കയും ചെയ്യുന്നു.
I shall do myself that honour now and then.	ഞാൻ കൂടക്കൂടെ അങ്ങിനെ ചെയ്യാം (അതു എനിക്കു മാനമാണ്).

---

40. Dialogue between two school-boys പാഠശാലയിലുള്ള രണ്ടു കുട്ടികൾ തമ്മിലുള്ള സംഭാഷണം.

What are you looking for?	നീ അന്വേഷിക്കുന്നതു എന്താണ്?
I am looking for a steel-pen.	ഞാൻ ഒരു ഉരുക്കുതുവൽ അന്വേഷിക്കുന്നു.
Here are several.	ഇവിടെ പലതരം ഉണ്ടു.
I thank you, I will take this one.	നിനക്കു വന്ദനം, ഞാൻ ഇതൊന്നു എടുക്കാം.
This is a bad pen, it cuts the paper.	ഇതു ചീത്ത തുവലാകുന്നു, ഇതു കടലാസ്സിനെ കീറുന്നു.
It spatters.	അതു തെറിക്കുന്നു.
Choose another one.	വേറെ ഒന്നു തിരഞ്ഞെടുക്കുക
Can you lend me a sheet of paper?	നീ ഒരു പായ് കടലാസ്സ എനിക്കു വായ്പതരുമോ?
What sort of paper do you want?	എന്തുമാതിരി കടലാസ്സ നിനക്കു വേണം?
Some letter-paper, I have not one single sheet in my box.	കുറെ കത്തെഴുതുന്ന കടലാസ്സ്, എൻ്റെ പെട്ടിയിൽ ഒരു ഒററപ്പായിപോലും ഇല്ല.
Here is one, if one is not enough, I have more at your service.	ഒന്നു ഇതാ, ഒന്നു മതിയായിട്ടില്ലെങ്കിൽ നിനക്കു ആവശ്യംപോലെ തരാനായിട്ടു എൻ്റെ വക്കൽ അധികമുണ്ടു.
I thank you, one sheet will do at present.	നിനക്കു വന്ദനം, തൽക്കാലം ഒരു പായി മതി.
I will return it to you by and by, for I am going to send for some.	ഞാൻ നിനക്കു വേഗം മടക്കിത്തരാം, എന്തുകൊണ്ടെന്നാൽ ഞാൻ കുറെ കടലാസ്സിനായിട്ടു അയപ്പാൻ പോകുന്നു.
There is no hurry, but tell me whom are you going to write to.	ബദ്ധപ്പാടില്ല, നീ ആൎക്കാണ് എഴുതാൻ പോകുന്നതെന്നു എന്നോടു പറക.

I am going to write to my friend.	ഞാൻ എന്റെ സ്നേഹിതന്നു എഴുതാൻ പോകുന്നു.
I thought so, present my compliments to him.	ഞാൻ അങ്ങിനെ വിചാരിച്ചു, അദ്ദേഹത്തിന്നു എന്റെ ഉപചാരം അറിയിക്കുക.

---

41. Dialogue with a bookseller
പുസ്തകം വില്ക്കുന്നവനുമായിട്ടുള്ള സംഭാഷണം.

Have you received lately an assortment of English books?	ഇയ്യിടെ നിങ്ങൾക്കു തരാതരം കെട്ടു ഇംഗ്ലീഷുപുസ്തകങ്ങൾ കിട്ടീട്ടുണ്ടോ?
I should like to see them.	അവയെ കാണ്മാനായിട്ടു ഞാൻ താൽപര്യപ്പെടുന്നു.
You are very welcome, sir, they were not unpacked before this morning, you shall have the first sight of them.	സായ്പേ, നിങ്ങൾക്കു ഇഷ്ടംപോലെ നോക്കാം, ഇന്നു രാവിലേക്കു മുമ്പെ കെട്ടുകൾ കഴിച്ചിട്ടില്ലായിരുന്നു, അവയുടെ ഒന്നാമത്തെ കാഴ്ച നിങ്ങൾക്കാണ്.
Are they all new books?	അവയെല്ലാം പുതിയ പുസ്തകങ്ങളോ?
Not all, sir, some are new, some are old publications.	എല്ലാം പുതിയ പുസ്തകങ്ങൾ അല്ല സായ്പേ, ചിലതു പുതിയതും ചിലതു പഴേ അച്ചടിപ്പും ആകുന്നു.
I hope you will find some to suit your taste.	നിങ്ങളുടെ ഇഷ്ടത്തിന്നു പററിയതായിട്ടു ചിലതു കാണുമെന്നു ഞാൻ വിചാരിക്കുന്നു.
Show this gentleman the books we received lately.	ഇയ്യിടെ നമുക്കു എത്തിയ പുസ്തകങ്ങളെ ഈ സായ്പിന്നു കാണിക്കു.
Well, sir, have you found anything that suits you?	അല്ലയോ സായ്പേ, നിങ്ങൾക്കു പററുന്നതായ വല്ല പുസ്തകങ്ങളും നിങ്ങൾ കണ്ടിട്ടുണ്ടോ?
Yes, here is a novel I wish to have.	അതെ, എനിക്കാവശ്യമുള്ള ഒരു പുതുകഥപുസ്തകം ഇവിടെ ഉണ്ടു.
Is there any book-binder here under your charge?	ഇവിടെ നിങ്ങളുടെ അധീനത്തിൽ പുസ്തകം കെട്ടുന്ന വല്ലവനുമുണ്ടോ?
What sort of binding do you wish to have?	ഏതു മാതിരി കെട്ടാണ് നിങ്ങൾ ഇഷ്ടപ്പെടുന്നതു?

I want this in morocco and with gilt edges.	എനിക്കു ഇതു മൊറൊക്കൊതോലിൽ കെട്ടി പൊൻവിളുമ്പിട്ടുവാൻ ആവശ്യമുണ്ടു.
What colour will you have the morocco?	ഏതു നിറത്തിലുള്ള മൊറൊക്കൊ ആണു് നിങ്ങൾക്കു വേണ്ടതു?
Is the price the same for all colours?	എല്ലാം നിറങ്ങൾക്കും വില ഒരുപോലെ തന്നേയോ?
The same, sir, the colour makes no difference in the price.	ഒരുപോലെ തന്നേ സായ്പേ, വൎണ്ണം കൊണ്ടു വിലയിൽ വ്യത്യാസമില്ല.
If that's the case, I prefer green morocco.	അങ്ങിനെയാണെങ്കിൽ പച്ചമൊറൊക്കൊ ഞാൻ താല്പൎയ്യപ്പെടുന്നു.
That colour is more lively, and not so apt to get dirty.	ആ നിറം അധികം ശോഭയുള്ളതാണു്, ചേർ അത്ര പിടിക്കത്തക്കതുമല്ല.
Do you want anything else?	നിങ്ങൾക്കു വേറെ വല്ലതും വേണമോ?
I should wish to have a copy of Johnson's Dictionary.	എനിക്കു ഒരു ജോൺസൻസ് അകാരാദിപുസ്തകം വേണം.
I have one copy by me, which is in a very good condition and not dear.	എന്റെ അടുക്കൽ ഒരു പുസ്തകം ഉണ്ടു. ആയതു വളരെ നല്ല സ്ഥിതിയിൽ ഇരിക്കുന്നു, അധികമായ വിലയും ഇല്ല.
You cannot find a single copy at any bookseller's, even if you were to give twenty rupees for it.	നിങ്ങൾ അതിന്നു ഇരുപതു ഉറുപ്പിക കൊടുത്താലും യാതൊരു പുസ്തകശാലയിലും ഒരു ഒററ പുസ്തകം കാണ്മാൻകൂടെ കഴികയില്ല
What do you want for this?	നിങ്ങൾക്കു ഇതിന്നു എന്തു കിട്ടണം?
I did expect ten rupees for it, but as you have bought several other books, I will let you have it for eight rupees.	എനിക്കു അതിന്നു പത്തുറുപ്പിക കിട്ടേണ്ടതാണു്, എങ്കിലും നിങ്ങൾ മററു പല പുസ്തകങ്ങൾ വാങ്ങിയതുകൊണ്ടു ഞാൻ ആയതു നിങ്ങൾക്കു എട്ടു ഉറുപ്പികക്കു തരാം.
You cannot let me have it for less?	അതിൽ കുറച്ചുവിലക്കു എനിക്കു തരാൻ നിങ്ങൾക്കു പാടില്ലയോ?
No, upon my word, sir, I hardly get anything by it.	സായ്പേ, എന്നാണെ ഇല്ല, എനിക്കു അതിനാൽ ലാഭം ഒന്നും കിട്ടുകയില്ല.
Put it by, and send it down with the other books.	ആയതു വേറെവെക്ക, മററുള്ള പുസ്തകങ്ങളോടുകൂടി അയക്കുകയും ചെയ്ക.

42. Dialogue with a cloth-merchant ഒരു തുണിക്കച്ചവടക്കാരനുമായിട്ടുള്ള സംഭാഷണം.

Have you any fine cloth?	നിങ്ങളുടെ വക്കൽ വല്ല വിശേഷമായ തുണിയുണ്ടോ?
What sort of cloth do you wish to have?	നിങ്ങൾ എന്തു മാതിരി തുണി ഇഷ്ടപ്പെടുന്നു?
What price would you wish to go to?	എന്തു വിലകളുള്ളതു നിങ്ങൾ ഇഷ്ടപ്പെടുന്നു?
We have some of different prices.	പലവിധം വിലയുള്ള ചിലതു ഞങ്ങളുടെ വക്കൽ ഉണ്ടു.
Show me the best you have.	നിങ്ങളുടെ വക്കൽ ഉള്ള ഏററവും നല്ലതു എനിക്കു കാണിക്ക.
Here are some varieties of good cloth for summer wear.	ഉഷ്ണകാലത്തു ധരിപ്പാനുള്ള ചില നല്ലതരം തുണികൾ ഇതാ.
If it is for trousers, I recommend you this cloth.	കാൽചട്ടക്കാണെങ്കിൽ ഈ തുണി ഞാൻ നിങ്ങളോടു ശിപാർശി ചെയ്യുന്നു.
I advise you to take that cloth.	ആ തുണി എടുപ്പാനായിട്ടു ഞാൻ നിങ്ങളോടു ഉപദേശിക്കുന്നു.
I have just enough left to make a coat.	ഒരു കുപ്പായം ഉണ്ടാക്കുവാൻ മാത്രം എന്റെ വക്കൽ ഉണ്ടു.
How much do you sell it a yard?	അതു ഒരു വാരക്കു നിങ്ങൾ എങ്ങിനെ വില്ക്കുന്നു?
I sell it for five rupees a yard.	ഞാൻ അതു ഒരു വാരക്കു അഞ്ചുറുപ്പികക്കു വില്ക്കുന്നു.
I find it very dear.	അതു വളരെ കവിഞ്ഞ വിലയാണെന്നു ഞാൻ വിചാരിക്കുന്നു.
What is the lowest price, for I do not like to bargain.	കൊടുക്കുന്ന വില എന്താണ്, എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളോടു കച്ചോടം ചെയ്യുവാൻ ഇഷ്ടപ്പെടുന്നില്ല.
I have but one price.	എനിക്കു ഒരു വില മാത്രമേയുള്ളു.
Can you let me have it for four rupees a yard?	ആയതു വാരക്കു നാലുറുപ്പികയായിട്ടു എനിക്കു തരാൻ പാടുണ്ടോ?
Indeed, I cannot sell it under!	ആശ്ചര്യം, എനിക്കു വിലയിൽ കുറച്ചു വില്പാൻ പാടില്ല!
You know I am a good customer.	ഞാൻ നല്ല ഒരു കാറിക്കാരനാണെന്നു നിങ്ങൾ അറിയേണ്ടതാകുന്നു.

It is true, but it is not right I should sell at a loss.	അതു സത്യം തന്നേ, എങ്കിലും ഞാൻ ചേതത്തിന്നു വില്ക്കുന്നതു ശരിയല്ല.
Well, let us split the difference.	നല്ലതു, നമ്മുടെ തൎക്കം പോകട്ടെ.
Indeed, you have it at prime cost.	നിശ്ചയമായി നിങ്ങൾക്കു മുതലിന്നു തരാം.
Do you wish to have anything else?	നിങ്ങൾ വേറെ വല്ലതും വാങ്ങുവാൻ ഇഷ്ടപ്പെടുന്നുവോ?
Let me see your patterns.	നിങ്ങളുടെ ചരക്കിന്റെ മാതിരികൾ ഞാൻ കാണട്ടെ.
Here are some of all colours.	എല്ലാനിറത്തിലുമുള്ള ചിലതു ഇതാ.
This colour is too gaudy.	ഈനിറം വളരെ പ്രകാശമുള്ളതാകുന്നു.
I want something that does not get dirty.	ചേറു പററാത്തതു വല്ലതും എനിക്കു വേണം.
I want something that washes.	അലക്കാകുന്നതു വല്ലതും എനിക്കു വേണം.
I like this pattern well enough, but I fear the colour won't stand.	ഞാൻ ഈ മാതിരി നല്ലവണ്ണം ഇഷ്ടപ്പെടുന്നു, എങ്കിലും നിറം നില്ക്കയില്ലെന്നു കരുതി ഭയപ്പെടുന്നു.

43. Dialogue with an upholsterer ഒരു വീട്ടുസാമാനക്കാരനോടുള്ള സംഭാഷണം.

I should wish to look at some furniture.	എനിക്കു ചില വീട്ടുസാമാനങ്ങൾ നോക്കാൻ താൽപര്യമുണ്ടു.
What sort of furniture do you wish to see?	എന്തു മാതിരി വീട്ടുസാമാനം നിങ്ങൾക്കു കാണ്മാൻ ഇഷ്ടമുണ്ടു?
I want a book-case, if I can find a neat one.	എനിക്കു ഒരു പുസ്തകം സൂക്ഷിക്കുന്ന പെട്ടി നല്ലതായിട്ടു കാണുന്നുവെങ്കിൽ വേണം.
Here is a very fine one.	എത്രയും വിശേഷമായതു ഒന്നു ഇതാ.
It is of a very beautiful wood.	അതു വിശേഷമായ മരംകൊണ്ടുണ്ടാക്കിയതാകുന്നു.
How much do you ask for it?	നിങ്ങൾ അതിന്നു എന്തു വില പറയുന്നു?
The price is thirty rupees.	മുപ്പതുറുപ്പിക വിലയാകുന്നു.
You cannot take less?	അതിൽ കുറച്ചു നിങ്ങൾക്കു തരാൻ കഴികയില്ലയോ?

I cannot, sir, the lowest price is marked down upon every article in my shop.	എനിക്കു പാടില്ല സായ്വേ, എന്റെ ഷാപ്പിൽ എല്ലാ സാമാനത്തിന്മേലും കൊടുക്കുന്ന വില കുറിച്ചിട്ടുണ്ടു.
Now let me see your carpets.	ഇപ്പോൾ ഞാൻ നിങ്ങളുടെ പരവതാനികൾ നോക്കട്ടെ.
What size do you want?	എത്ര വലിപ്പമുള്ളതു നിങ്ങൾക്കു വേണം?
Six yards by five.	ആറു വാര നീളം അഞ്ചു അകലം.
Here are some cheaper ones, but they are of course neither so handsome nor so good.	വിലസഹായമുള്ളതു ചിലതു ഇതാ, എങ്കിലും അവ നിശ്ചയമായി അത്ര ഭംഗിയുള്ളതും നല്ലതും അല്ല.
I should like this well enough, but it comes to so much money.	എനിക്കു ഇതിനോടു നല്ല ഇഷ്ടമുണ്ടു, എങ്കിലും വില വളരെ അധികമായി പോകുന്നു.
No, sir, you will think it very cheap if you consider how large it is.	ഇല്ല സായ്വേ, അതിന്റെ വലിപ്പം എത്രയുണ്ടെന്നു നിങ്ങൾ ആലോചിക്കുന്നെങ്കിൽ അതു വളരെ സഹായമുള്ളതാണെന്നു നിങ്ങൾ വിചാരിക്കും.
Carpets are very expensive.	പരവതാനികൾക്കു വളരെ വിലയുണ്ടു.
Of what price are those chairs?	ആ കസേലകൾ എത്ര വിലക്കുള്ളതാകുന്നു?
These are very beautiful chairs.	ഈ കസേലകൾ വളരെ ഭംഗിയുള്ളതാകുന്നു.
They are made of the finest wood and highly finished.	അവ വിശേഷമായ മരംകൊണ്ടുണ്ടാക്കപ്പെട്ടതും മേത്തരമായി തീർക്കപ്പെട്ടതുമാകുന്നു.
I like the chairs very well, but I do not like the price.	ഈ കസേലകളെ ഞാൻ വളരെ ഇഷ്ടപ്പെടുന്നു, എങ്കിലും വില ഞാൻ ഇഷ്ടപ്പെടുന്നില്ല.
I shall purchase this another time.	ഞാൻ ഇതു വേറെ ഒരു സമയത്തു വാങ്ങാം.
Will you send these things to my house as soon as possible?	നിങ്ങൾ കഴിയുന്ന വേഗത്തിൽ ഈ സാധനങ്ങളെ എന്റെ വീട്ടിലേക്കു അയക്കുമോ?
Yes, with great pleasure.	അതേ, വളരെ സന്തോഷത്തോടെ അയക്കാം.

44. Dialogue on shopping പലവിധം സാമാനങ്ങൾ വാങ്ങാനുള്ളതിനെ പററിയുള്ള സംഭാഷണങ്ങൾ.

Will you come to town with me?	നിങ്ങൾ എന്റെ കൂടെ നഗരത്തിലേക്കു വരുമോ?
With all my heart.	പൂൎണ്ണസന്തോഷത്തോടെ വരാം.
What have you to do in the town?	നഗരത്തിൽ നിങ്ങൾക്കു എന്താണ് ചെയ്വാനുള്ളതു?
I have a few things to buy.	എനിക്കു കുറെ സാമാനങ്ങൾ വാങ്ങാനുണ്ടു.
What do you want to buy?	നിങ്ങൾക്കു എന്താണ് വാങ്ങേണ്ടതു?
I want some calico lace sheeting, etc.	എനിക്കു കുറെ കലിക്കൊ, നാട, തുപ്പട്ടി മുതലായതു വേണം.
Don't you want to buy something for yourself?	നിങ്ങൾക്കു തന്നേ വല്ലതും, വാങ്ങേണ്ടേയോ?
Not anything in particular, unless I should see something that strikes my fancy.	എന്റെ ഇഷ്ടത്തിന്നു പററിയതു വല്ലതും കണ്ടല്ലാതെ വിശേഷിച്ചു ഒന്നും വാങ്ങാനില്ല.
You put me in mind that I want some dimity.	എനിക്കു ഏതാനും ഡിമിട്ടിത്തുണി ആവശ്യമുണ്ടെന്നു നിങ്ങൾ എന്നെ ഓൎമ്മതപ്പെടുത്തുക.
I will remind you of it.	ഞാൻ അതിനെക്കുറിച്ചു നിങ്ങളെ ഓൎമ്മതപ്പെടുത്താം.
Let us go directly, for we must be back for tea.	നാം നേരെ പോകാം, ചായക്കു നാം മടങ്ങി എത്തേണ്ടതാകുന്നുവല്ലോ.
We shall be back before that time.	ആ സമയത്തിന്നു മുമ്പെ നമുക്കു മടങ്ങി എത്താം.

---

45. Dialogue with a tailor തുന്നക്കാരനുമായിട്ടുള്ള സംഭാഷണം.

I have sent for you to measure me for a coat.	എനിക്കു ഒരു കുപ്പായത്തിന്നു അളവു എടുക്കേണ്ടതിന്നായി ഞാൻ നിന്നെ വിളിപ്പാനയച്ചു.
How will you have it made?	നിങ്ങൾക്കു അതു എങ്ങിനെ ഉണ്ടാക്കേണം?

Make it as they wear them now.	ഇപ്പോൾ നടപ്പുള്ള മാതിരിയിൽ തന്നെ ഉണ്ടാക്കു.
What sort of buttons will you have?	നിങ്ങൾക്കു എന്തു മാതിരി കുടുക്കു വേണം?
I will have them covered with the same stuff.	അതേമാതിരി തുണികൊണ്ടു പൊതിഞ്ഞ കുടുക്കു എനിക്കു വേണം.
Make me a pair of trousers with straps.	വാറോടുകൂടെ എനിക്കു ഒരു ജോഡ് കാൽചട്ട ഉണ്ടാക്കു.
Will you have your trousers come very high?	നിങ്ങളുടെ കാൽചട്ട വളരെ കയറിയിരിക്കേണമോ? [വേണ്ടാ.
Not too high, nor too low.	വളരെ കയറീട്ടും വളരെ താണിട്ടും
I won't have them come down quite so low as they wear them now.	ഞാൻ ഇപ്പോൾ ധരിക്കുന്നപോലെ അത്ര അധികം താണിട്ടു വേണ്ടാ.
It is the fashion to wear them very low.	വളരെ താണിട്ടു ധരിക്കുന്നതാണ് ഇപ്പോഴത്തെ നടപ്പു.
Yes, but it is a ridiculous fashion.	അതേ, എങ്കിലും അതു ഹാസ്യകരമായ മാതിരിയാകുന്നു.
Remember, that I must have this next Sunday without fail.	ഇതു എനിക്കു വരുന്ന ഞായറാഴ്ച വീഴ്ച കൂടാതെ വേണ്ടതാണെന്നു ഓർമ്മ വെക്കു.
You shall have it on Sunday morning.	അതു നിങ്ങൾക്കു ഞായറാഴ്ച രാവിലെ കിട്ടും.
Mind, for if you disappoint me, this will be the last work you ever do for me.	നീ എന്നെ ചൊട്ടിച്ചുവെങ്കിൽ ഇതു നീ എനിക്കു ചെയ്യുന്ന അവസാനപ്പണിയാണെന്നു കരുതുക.
Have you brought my coat?	നീ എന്റെ കുപ്പായം കൊണ്ടുവന്നിട്ടുണ്ടോ?
Yes, sir, here it is.	അതേ, സായ്‌വേ ഇതു ഇതാ.
You are a man of your word.	നീ വാക്കിന്നു നേരുള്ളവനാകുന്നു.
Let me try it on.	ഞാൻ അതു ഇട്ടുനോക്കട്ടെ.
You have made the sleeves too long and too wide.	കുപ്പായത്തിന്റെ കൈ വളരെ നീളത്തിലും വീതിയിലും നീ ഉണ്ടാക്കീട്ടുണ്ടു.
It is too narrow.	അതു വളരെ കുടുങ്ങിയിരിക്കുന്നു.
It is too tight under the armpit.	അതു കക്ഷത്തിന്റെ താഴെ നന്നെ മുറുകിയിരിക്കുന്നു.
Is it not rather long?	അതു നീളം അല്പം അധികമില്ലയോ?
It sits in wrinkles between the shoulders.	അതു തോളുകളുടെ ഇടയിൽ ചുളിഞ്ഞിരിക്കുന്നു.

You cannot complain of this coat, it fits you extremely well.	ഈ കുപ്പായത്തിന്നു നിങ്ങൾക്കു കുറ്റം പറവാൻ പാടില്ല, അതു നിങ്ങൾക്കു ഏറ്റവും നല്ലവണ്ണം പറ്റുന്നു.
You tailors never find fault with your own work.	നിങ്ങൾ തുന്നക്കാർ നിങ്ങളുടെ സ്വന്തപ്രവൃത്തിക്കു ഒരിക്കലും കുറ്റം കാണുകയില്ല.

---

46. Dialogue with a shoemaker ഒരു ചെരുപ്പുകുത്തിയുമായുള്ള സംഭാഷണം.

I want a pair of shoes.	എനിക്കു ഒരു ജോഡ് ചെരിപ്പു വേണം.
Have the goodness to take my measure for a pair of shoes.	ഒരു ജോഡ് ചെരിപ്പുണ്ടാക്കാനായി എന്റെ അളവു ദയചെയ്തു എടുക്കുക.
I have your measure already.	നിങ്ങളുടെ അളവു മുമ്പെ തന്നേ എന്റെ വശം ഉണ്ടു.
Don't make them too narrow.	അവയെ അധികം കുടുങ്ങിയതായിട്ടു ഉണ്ടാക്കേണ്ടാ.
That is your defect, you generally make them too narrow.	നിന്റെ കുറവു അതാകുന്നു, നീ അവയെ സാധാരണയായി കുടുങ്ങിയതായിട്ടുണ്ടാക്കും.
I shall take care to make these according to your wish.	ഈ ചെരിപ്പുകൾ നിങ്ങളുടെ ഇഷ്ടപ്രകാരം ഉണ്ടാക്കേണ്ടതിന്നു ഞാൻ സൂക്ഷിക്കും.
When can you let me have them?	അവയെ എനിക്കു എപ്പോൾ തീർത്തു തരുവാൻ നിനക്കു കഴിയും?
I will send them to you toward the end of the week.	ഈ ആഴ്ചയുടെ അവസാനത്തിൽ അവയെ ഞാൻ നിങ്ങൾക്കു അയച്ചുതരാം.
Don't disappoint me.	എന്നെ ചൊട്ടിക്കൊല്ലാ.
I should like to have a pair of slippers too.	എനിക്കു ഒരു ജോഡ് സ്ലിപ്പറും വേണം.
What do you wish them made of?	അവയെ എന്തുകൊണ്ടുണ്ടാക്കാൻ നിങ്ങൾ താൽപര്യപ്പെടുന്നു?
I want them in morocco leather.	എനിക്കു അവയെ മൊറൊക്കൊ തോൽ കൊണ്ടുണ്ടാക്കേണം.
Sir, I have brought your shoes and slippers.	സാഹേബ്. ഞാൻ നിങ്ങളുടെ ചെരിപ്പും സ്ലിപ്പറും കൊണ്ടുവന്നിട്ടുണ്ടു.

Give me leave to try them on.	അവ നിങ്ങൾക്കു പററുമോ എന്നു നോക്കാനായിട്ടു എനിക്കു അനുവാദം തരിക.
No, thank you, I will try them on myself.	വേണ്ട, നിണക്കു വന്ദനം, ഞാൻ തന്നേ ഇട്ടുനോക്കാം.
I cannot get my foot in.	എന്റെ കാലടി അതിൽ പോകുന്നില്ല.
I must have shoes that I can put on without any trouble.	യാതൊരു പ്രയാസം കൂടാതെ ഇടാൻ കഴിയുന്ന ചെരിപ്പു എനിക്കു വേണം.
Why have you made them so pointed? It is not the fashion.	നീ അവയെ എന്തിനായിട്ടു അത്ര കൂൎപ്പിച്ചിട്ടുണ്ടാക്കി? ഇപ്പോഴത്തെ മാതിരി അതല്ല.
I beg your pardon, they are worn so at present.	ഞാൻ നിങ്ങളോടു ക്ഷമ ചോദിക്കുന്നു. ഇപ്പോൾ അവയെ അങ്ങിനെ ധരിക്കുന്നു.
They hurt my toes.	അവ എന്റെ കാൽവിരലുകളെ വേദനപ്പെടുത്തുന്നു.
You have made them too pointed.	നീ അവയെ വളരെ കൂൎത്തതായിട്ടുണ്ടാക്കിയിരിക്കുന്നു.
They will grow wide enough by wearing.	ആയതു ധരിച്ചാൽ മതിയാകുംവണ്ണം അകലം വെക്കും.
Yes, but I don't choose to be crippled until they grow wider.	അതേ, എങ്കിലും അവ അധികം അകലമാകുന്നതുവരെ മുടന്തിനടപ്പാൻ ഞാൻ വിചാരിക്കുന്നില്ല.
I told you often I don't want shoes that pinch.	മുറുക്കമുള്ള ചെരിപ്പുകൾ എനിക്കു ആവശ്യമില്ലെന്നു പല പ്രാവശ്യം ഞാൻ നിന്നോടു പറഞ്ഞിട്ടുണ്ടു.
The leather is bad.	തോൽ ചീത്തയാകുന്നു.
The soles are too thin.	ചെരിപ്പിന്റെ അടിത്തോൽ വളരെ നേരിയതാകുന്നു.
The quarters are too low.	അരുത്തോലുകൾ വളരെ താണുപോയി.
The heels are a good deal too wide.	മടമ്പുകൾ വളരെ വിസ്തീൎണ്ണമായിരിക്കുന്നു.
I am sure these shoes were never made for me.	ഈ ചെരിപ്പുകൾ ഒരിക്കലും എനിക്കുണ്ടാക്കിയതല്ലെന്നു എനിക്കു നല്ല തീൎച്ചയുണ്ടു.
Take them back, and make me another pair as soon as possible.	അവയെ മടക്കി എടുക്ക, കഴിയുന്ന വേഗത്തിൽ എനിക്കു വേറെ ഒരു ജോഡ്' ഉണ്ടാക്ക.
That pair of shoes wants soling and heeling.	ആ ജോഡ് ചെരിപ്പിനു അടിയും മടമ്പും വെക്കേണം.

47. Dialogue with a Physician (Doctor)
ഒരു വൈദ്യനു(ഡാക്കുർ)മായിട്ടുള്ള സംഭാഷണം.

Sir, I have taken the liberty to send for you.	സാദ്ധ്യ, ഞാൻ നിങ്ങളെ വിളിപ്പാൻ അയച്ചു.
I am afraid I need your assistance.	എനിക്കു നിങ്ങളുടെ സഹായം ആവശ്യമുണ്ടെന്നു ചോദിപ്പാൻ ഭയപ്പെടുന്നു.
How do you find yourself at present?	ഇപ്പോൾ നിങ്ങൾക്കു എങ്ങിനെ ഇരിക്കുന്നു?
I don't know; I don't know how I find myself.	ഞാൻ അറിയുന്നില്ല; ഞാൻ എങ്ങിനെ ഇരിക്കുന്നെന്നു ഞാൻ തന്നെ അറിയുന്നില്ല.
My head is giddy, and I can hardly stand on my legs.	എന്റെ തല ചുററുന്നു, എനിക്കു നില്പാൻ വളരെ പ്രയാസവുമുണ്ടു.
I am not well at all.	എനിക്കു അശേഷം സുഖമില്ല.
I am uncommonly weak.	എനിക്കു അസാധാരണമായ ക്ഷീണം ഉണ്ടു. [ളമായി?
How long have you been ill?	നിങ്ങൾക്കു സുഖക്കേടു എത്ര കാലത്തോ
It began the day before yesterday by a shivering.	മിനിഞ്ഞാന്നു ഒരു വിറയോടു കൂടി സുഖക്കേടു തുടങ്ങിയിരിക്കുന്നു.
Then I perspired profusely and have been ill ever since.	എന്നതിന്റെ ശേഷം ധാരാളമായി വിയക്കുകയും അതുമുതൽ സുഖക്കേടിൽ ഇരിക്കുകയും ചെയ്യുന്നു.
Did you feel nausea?	നിങ്ങൾക്കു മനംപിരിച്ചൽ ഉണ്ടായോ?
Yes, at first, but that went off, and I have had a terrible headache ever since.	അതേ, ഒന്നാമതു ഉണ്ടായിരുന്നുവെങ്കിലും അതു പോകയും എന്നതിന്റെ ശേഷം കഠിനമായ തലവേദന ഉണ്ടാകയും ചെയ്തിട്ടുണ്ടു.
Where do you feel pain now?	ഇപ്പോൾ നിങ്ങൾക്കു എവിടെയാണ് വേദന? [യുണ്ടു.
I have pains in my head.	എനിക്കു എന്റെ തലയിൽ വേദന
My head aches terribly.	എന്റെ തല ഭയങ്കരമായി വേദനപ്പെടുന്നു. [തോന്നുന്നു.
I feel pain in my stomach.	എന്റെ വയററിൽ എനിക്കു വേദന
I feel pain in my bowels.	എന്റെ കുടല്യകളിൽ എനിക്കു വേദന തോന്നുന്നു.
I have had shivering the whole night long.	രാത്രി മുഴുവനും എനിക്കു വിറയൽ ഉണ്ടായിരുന്നു.

I feel pain in my sides and I breathe with difficulty.	എന്റെ പാൎശ്വഭാഗങ്ങളിൽ എനിക്കു വേദന തോന്നുകയും ഞാൻ പ്രയാസത്തോടെ ശ്വാസം കഴിക്കയും ചെയ്യുന്നു.
Do you feel a little hunger?	നിങ്ങൾക്കു അല്പം വിശപ്പുണ്ടോ?
I have hardly eaten anything these two days.	ഈ രണ്ടു ദിവസങ്ങളിൽ ഞാൻ ഒന്നും തിന്നിട്ടില്ല.
Let me see your tongue.	ഞാൻ നിങ്ങളുടെ നാവു നോക്കട്ടെ.
Your tongue is foul.	നിങ്ങളുടെ നാവു അഴുക്കുള്ളതായിരിക്കുന്നു.
The stomach is loaded.	വയർ സ്തംഭിച്ചിരിക്കുന്നു.
You must take a little medicine.	നിങ്ങൾ അല്പം മരുന്നു എടുക്കേണം.
Show me your hand.	നിങ്ങളുടെ കൈ കാണിക്കുക.
Let me feel your pulse.	ഞാൻ നിങ്ങളുടെ നാഡി സ്പൎശിക്കട്ടെ.
Your pulse is a little flurried.	നിങ്ങളുടെ നാഡി കുറച്ചു വേഗത്തിൽ അടിക്കുന്നു.
Your pulse is hard, there is fever.	നിങ്ങളുടെ നാഡി കഠിനമായടിക്കുന്നു, പനിയുണ്ടു.
Do you think my illness dangerous?	എന്റെ ദീനം അപകടമുള്ളതാണെന്നു നിങ്ങൾ വിചാരിക്കുന്നുവോ?
No, but you must take care lest it should become so.	ഇല്ല. എങ്കിലും അങ്ങിനെ വരാതിരിക്കേണ്ടതിന്നായി നിങ്ങൾ സൂക്ഷിക്കേണം.
What am I to do?	ഞാൻ എന്താണ് ചെയ്യേണ്ടതു?
I will send you something to take and see you again to-morrow morning.	സേവിക്കേണ്ടതിന്നായി ചിലതു ഞാൻ നിങ്ങൾക്കു കൊടുത്തയക്കാം, നാളെ രാവിലെ ഞാൻ നിങ്ങളെ വീണ്ടും നോക്കുകയും ചെയ്യാം.
Must I do anything besides?	അതു കൂടാതെ ഞാൻ വല്ലതും ചെയ്യേണമോ?
No, only take care to keep yourself warm.	വേണ്ടാ, ചൂടായിരിപ്പാൻ മാത്രം നിങ്ങൾ സൂക്ഷിക്ക.
How have you passed the night?	രാത്രി നിങ്ങൾ എങ്ങിനെ കഴിച്ചു?
How do you find yourself since yesterday?	ഇന്നലെ മുതല്ക്കു നിങ്ങൾക്കു എങ്ങിനെ തോന്നുന്നു?
I feel myself much better.	എനിക്കു അധികം സുഖമുണ്ടെന്നു തോന്നുന്നു.
I have not been so much agitated, and I slept a little.	എനിക്കു അത്ര അധികം വ്യാകുലം തോന്നിയിരുന്നില്ല, കുറച്ചു ഉറങ്ങുകയും ചെയ്തു.

The fever has much abated.	പനി ഏകദേശം വിട്ടിരിക്കുന്നു.
Do you feel any more pain in your stomach?	നിങ്ങളുടെ വയററിൽ ഇനിയും അധികമായ വേദന തോന്നുന്നുവോ?
Much less than I did.	എനിക്കുണ്ടായതിനെക്കാൾ അധികം കുറഞ്ഞിരിക്കുന്നു.
I will send you another medicine which you will take as the previous one.	ഞാൻ വേറെ ഒരു മരുന്നു അയക്കും ആയതു നിങ്ങൾ മുമ്പേത്തതുപോലെ എടുക്കേണം.
I can promise you that it will have no serious consequence.	നിങ്ങളുടെ സുഖക്കേടു അത്യാസന്നത്തിൽ പെടുകയില്ലെന്നു എനിക്കു നിങ്ങളോടു വാഗ്ദത്തം ചെയ്യാൻ കഴിയും.
In two or three days you will be quite well.	രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ നിങ്ങൾക്കു പൂർണ്ണസൌഖ്യം ഉണ്ടാകും.

48. Dialogue on travelling by railway തീവണ്ടിയാത്രയെപ്പററിയുള്ള സംഭാഷണം.

Have you made all your preparations for departure?	യാത്രക്കുള്ള എല്ലാ ഒരുക്കങ്ങളും നിങ്ങൾ ചെയ്തിട്ടുണ്ടോ?
Every thing is ready.	എല്ലാം തയ്യാറായിരിക്കുന്നു.
Send for a man to carry my luggage.	എൻെറ സാമാനങ്ങളെ കൊണ്ടുപോവാനായിട്ടു ഒരുത്തനെ വിളിക്കു.
Take that luggage to the railway office.	ആ സാമാനങ്ങൾ തീവണ്ടി ആപ്പീസ്സിലേക്കു എടുക്കു.
When do you start?	നിങ്ങൾ എപ്പോൾ പുറപ്പെടുന്നു?
We will start in five minutes.	ഞങ്ങൾ അഞ്ചുമിനിട്ടിൽ പുറപ്പെടും.
I am afraid you will arrive too late for the eight o'clock train.	എട്ടുമണിസമയത്തെ തീവണ്ടിക്കു എത്താൻ നിങ്ങൾ വൈകിപ്പോകുമെന്നു കരുതി ഭയപ്പെടുന്നു.
The train will start in five minutes.	അഞ്ചുമിനിട്ടിൽ തീവണ്ടി ഓടും.
Make haste and take your [ticket	വേഗം പോയി നിങ്ങളുടെ ടിക്കററു [വാങ്ങുക.
What class do you take?	നിങ്ങൾ എത്രാം ക്ലാസ്സിൽ പോകുന്നു?
I shall go in a second-class carriage.	ഞാൻ രണ്ടാം ക്ലാസ്സ് വണ്ടിയിൽ പോകും.

What luggage have you sir?	സായ്വേ, നിങ്ങൾക്കു എന്തു സാമാനങ്ങൾ ഉണ്ടു?
I have two trunks, a leather bag and a tin box.	എനിക്കു രണ്ടു ഉടുപ്പുപെട്ടിയും, ഒരു തോൽസഞ്ചിയും ഒരു തകരപ്പെട്ടിയും ഉണ്ടു.

---

49. Dialogue on travelling by road വഴിയാത്ര ചെയ്യുന്നതിനെപ്പററിയുള്ള സംഭാഷണം.

Are you going to Calicut?	നിങ്ങൾ കോഴിക്കോട്ടേക്കു പോകുന്നുവോ?
Do you go all the way to Calicut walking?	നിങ്ങൾ കോഴിക്കോട്ടോളം നടന്നു പോകുന്നുവോ?
I do sir.	മാന്യരേ, ഞാൻ നടന്നുപോകുന്നു.
Then I shall have the pleasure of your company, for I am going there myself.	എന്നാൽ ഞാനും നിങ്ങളോടുകൂടെ വരാൻ താല്പര്യപ്പെടുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ അവിടത്തേക്കു തനിച്ചാണ് പോകുന്നതു.
Company makes a journey seem shorter.	സ്നേഹിതന്മാരോടുകൂടി പോയാൽ യാത്രയുടെ ദൂരം അറിയുകയില്ല.
It is very disagreeable to travel by one's self.	ഏകനായിട്ടു വഴിയാത്ര ചെയ്യുന്നതു വളരെ അസൌകര്യമാകുന്നു.
But in company we talk, we chat, and time passes unperceived.	എന്നാൽ കൂട്ടത്തിൽ നാം സംസാരിച്ചും നൊടിഞ്ഞും സമയം അറിയാതെ കഴിഞ്ഞുപോകും.
What is the distance from Cannanore to Calicut?	കണ്ണൂരിൽനിന്നു കോഴിക്കോട്ടേക്കു എത്ര ദൂരമുണ്ടു?
I think about 56 miles.	ഏകദേശം 56 മൈത്സ് ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.
When do you think we shall reach Calicut?	നാം കോഴിക്കോട്ടു എപ്പോൾ എത്തുമെന്നു നിങ്ങൾ വിചാരിക്കുന്നു?
I hope we shall arrive to-morrow morning.	നാം നാളെ രാവിലെ എത്തുമെന്നു ഞാൻ വിചാരിക്കുന്നു.
The roads are very bad.	വഴികൾ വളരെ ചീത്തയാകുന്നു.
The rain has spoiled all the roads.	നിരത്തുകളെല്ലാം മഴപെയ്തു ചീത്തയായിരിക്കുന്നു.

Did you ever travel this way before?	നിങ്ങൾ എപ്പോഴെങ്കിലും ഈ വഴിക്കു യാത്ര ചെയ്തിട്ടുണ്ടോ?
Yes, several times.	അതെ, വളരെ പ്രാവശ്യം ഉണ്ടു.
I know the road perfectly well.	ഞാൻ വഴി നല്ലവണ്ണം അറിയുന്നു.

50. School dialogues പാഠകശാലാസംഭാഷണങ്ങൾ.

A Gujarathi school has recently been opened in Camp Bazar at Cannanore.	ഈയിടെ കണ്ണൂരിൽ കാംഭജാറിൽ ഒരു ഗുജരാത്തി പള്ളിക്കൂടം തുറന്നിരിക്കുന്നു.
There is now a good opportunity to learn Gujarathi.	ഗുജരാത്തി പഠിപ്പാൻ ഇപ്പോൾ നല്ല തരമുണ്ടു.
A Gujarathi schoolmaster has also just arrived from Bombay.	ഒരു ഗുജരാത്തിഗുരുവും ബൊമ്പായിൽ നിന്നു ഇപ്പോൾ തന്നെ എത്തിയിരിക്കുന്നു.
What is the strength of this school at present?	ഈ പാഠകശാലയിൽ ഇപ്പോൾ എത്ര കുട്ടികൾ ഉണ്ടു?
How many boys and girls were admitted into the school yesterday and to-day?	ഇന്നലെയും ഇന്നും എത്ര ആൺകുട്ടികളെയും പെൺകുട്ടികളെയും എഴുത്തുപള്ളിയിൽ ചേർത്തു?
Three boys and four girls were admitted yesterday and to-day respectively.	ഇന്നലെ മൂന്നു ആൺകുട്ടികളെയും ഇന്നു നാലു പെൺകുട്ടികളെയും ചേർത്തു?
Are all those who were admitted present this morning?	ചേർന്നവർ എല്ലാവരും ഇന്നു കാലത്തു ഹാജരുണ്ടോ?
All except two Mahomedan boys.	രണ്ടു മാപ്പിളക്കുട്ടികൾ ഒഴികെ എല്ലാവരും ഹാജരുണ്ടു.
Do you maintain a Register Book of attendance in your school?	നിങ്ങൾ നിങ്ങളുടെ പാഠകശാലയിൽ ഒരു ഹാജർറജിസ്ത്ര് പുസ്തകം വെക്കുന്നുണ്ടോ?
Do any of them know anything of Gujarathi before?	അവരിൽ ആരെങ്കിലും ഗുജരാത്തിഭാഷ മുമ്പെ അറിയുമോ?
Yes, two or three are already fairly good in that language.	അതേ, അവരിൽ രണ്ടുമൂന്നാൾക്കു സാമാന്യം ആ ഭാഷയിൽ പരിചയമുണ്ടു.
I will examine those boys who wish to be admitted into our school, to-morrow morning.	നമ്മളുടെ പാഠകശാലയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ ഞാൻ നാളെ രാവിലെ പരീക്ഷിക്കും.

How many are here?	ഇവിടെ എത്രപേരുണ്ടു?
I believe altogether there are about twenty.	ആകക്കൂടി ഇരുപതോളം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.
Do you think they will all pass?	അവർ എല്ലാവരും ജയിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുവോ?
I cannot tell, I hope they may.	അവർ ജയിക്കും എന്ന ആശ ഉണ്ടെങ്കിലും എനിക്കു നിശ്ചയം പറഞ്ഞുകൂടാ.
Can you speak Gujarathi well?	നിങ്ങൾക്കു ഗുജരാത്തി നല്ലവണ്ണം സംസാരിക്കാമോ?
I can speak it better than I can read it.	വായിക്കുന്നതിനെക്കാൾ എനിക്കു അതിനെ അധികം നല്ലവണ്ണം സംസാരിപ്പാൻ കഴിയും.
How long have you been learning it?	നിങ്ങൾ അതിനെ എത്രകാലമായി പഠിച്ചുവരുന്നു.
You speak Gujarathi fluently.	നിങ്ങൾ ഗുജരാത്തി വെള്ളംപോലെ (തടസ്ഥമില്ലാതെ) സംസാരിക്കുന്നു.
I have taken great pains to learn that language.	ആ ഭാഷയെ പഠിക്കേണ്ടതിന്നു ഞാൻ വളരെ പ്രയത്നിച്ചു.
What is your mother-tongue?	നിങ്ങളുടെ മാതൃഭാഷ എന്താകുന്നു?
Do you attend the English school?	നിങ്ങൾ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പോകുന്നുണ്ടോ?
How long do you think of remaining in that school?	നിങ്ങൾ എത്ര കാലത്തോളം ആ പള്ളിക്കൂടത്തിൽ ഇരിപ്പാൻ വിചാരിക്കുന്നു?
How do you get on in your new class.	പുതിയ തരത്തിൽ നിങ്ങളുടെ അഭിവൃദ്ധി എങ്ങിനെ?
The attendance in this class is rather poor this morning.	ഈ തരത്തിൽ ഇന്നുരാവിലെ കുട്ടികൾ നന്ന കുറയും.
There was a pretty good attendance yesterday.	ഇന്നലെ ഏറെ കുട്ടികൾ ഹാജരുണ്ടായിരുന്നു.
What has made you so late?	നിങ്ങളെ ഇത്ര വൈകിച്ചതു എന്തായിരുന്നു?
Where have you been?	നിങ്ങൾ എവിടെ ആയിരുന്നു?
How is it you always come to school so late?	എന്തുകൊണ്ടു നിങ്ങൾ എപ്പോഴും പാഠകശാലയിൽ ഇത്ര താമസിച്ചുവരുന്നു.
You have lost two important lessons this morning.	ഇന്നുരാവിലെ രണ്ടു സാരമായ പാഠങ്ങൾ നിങ്ങൾക്കു പൊയ്പ്പോയി.

You must not think that you can learn English in this manner.

ഈവിധത്തിൽ ഇംഗ്ലീഷ് പഠിക്കാമെന്നു നിങ്ങൾ വിചാരിക്കേണ്ടാ.

Some of the boys in the higher classes make a practice of coming late.

ഉയൎന്ന തരത്തിലെ ചില കുട്ടികൾ വൈകി വരുന്നതു പതിവാക്കിയിരിക്കുന്നു.

You were not here yesterday.

ഇന്നലെ നിങ്ങൾ ഇവിടെ ഇല്ലായിരുന്നു.

I had some business to do which I was compelled to do before I came.

എനിക്കു അസാരം പണി ഉണ്ടായിരുന്നു അതു ചെയ്തു തീൎത്തിട്ടേ വരുവാൻ പാടുണ്ടായിരുന്നുള്ളു.

I wish all the boys in the higher class to attend more regularly in future, as the annual examination is fast approaching.

കൊല്ലാന്തരം പരീക്ഷ വളരെ സമീപിച്ചതുകൊണ്ടു ഉയൎന്ന തരത്തിലെ എല്ലാ കുട്ടികളും മേലാൽ ക്രമമായി ഹാജരുണ്ടാകേണ്ടതിന്നു ഞാൻ ആശിക്കുന്നു.

When promotion takes place from this class, I am afraid almost all boys will be left behind.

ഈ തരത്തിൽനിന്നു കയററം ഉണ്ടാകുമ്പോൾ മിക്കവാറും കുട്ടികൾ ഇവിടെ തന്നെ ഇരിക്കേണ്ടിവരും എന്നു ഞാൻ ശങ്കിക്കുന്നു.

You must bring this lesson to-morrow written on paper.

നിങ്ങൾ ഈ പാഠം നാളെ കടലാസ്സിൽ എഴുതി കൊണ്ടുവരേണം.

Have you copied this lesson, or have you written it from memory.

ഈ പാഠം നിങ്ങൾ പകൎക്കുകയോ അല്ല മനസ്സിൽനിന്നു എഴുതുകയോ ചെയ്തതു.

---

51. Dialogues on general business

കച്ചവടസംബന്ധമായ സംഭാഷണങ്ങൾ.

Peon, take this currency note to the bank and bring me the money.

ശിപായി, ഈ കറൻസിനോട്ടു ബേങ്കിൽ കൊണ്ടുപോയി പണം കൊണ്ടുവരിക.

Be quick, it is now ten o'clock.

ഉടനെ പോക, ഇപ്പോൾ തന്നെ 10 [മണിയായി.

Be sharp, see that I have the money by twelve o'clock.

എനിക്കു പണം 12 മണിക്കു കിട്ടത്തക്കവണ്ണം ജാഗ്രതയായി പോക.

Tell the bank agent to take the bank notes and pay the amount of the draft.

ബേങ്കുനോട്ടുകൾ എടുത്തു പണം തരാനായിട്ടു ബേങ്കു ഏജണ്ടോടു പറക.

Have you ever been to Tellicherry bank office?	തലശ്ശേരി ബേങ്കാപ്പീസിൽ നിങ്ങൾ എപ്പോഴെങ്കിലും പോയിട്ടുണ്ടോ?
Sir, I had never been to the office, but I go that way every day.	മാന്യരേ, ആപ്പീസിൽ ഒരിക്കലും പോയിട്ടില്ല, പക്ഷെ ഞാൻ എല്ലാപ്പോഴും ആ വഴിക്കാണ് പോകുന്നതു.
You must go there immediately, else nothing will be done.	നിങ്ങൾ അവിടെ ഉടനെ പോകേണം, അല്ലാഞ്ഞാൽ ഒന്നും ചെയ്യാൻ കഴിയുന്നതല്ല.
Send a man to hire a boat for me to go on board the ship.	എനിക്കു കപ്പലിൽ പോകേണ്ടതിന്നു ഒരു തോണി കൂലിയാക്കേണ്ടതിന്നു ഒരുത്തനെ അയക്ക.
Go to the Camp Bazar and buy a pair of table lamps.	കാംഭജാരിൽ പോയി ഒരു ജോഡ് മേശമേൽ വെക്കുന്ന വിളക്കു വാങ്ങുക.
I have been to the bazar, sugar is now five pounds a rupee.	ഞാൻ ഭജാരിൽ പോയിരുന്നു, പഞ്ചസാരക്കു ഇപ്പോൾ അഞ്ച് റാത്തലിന്നു ഒരു ഉറുപ്പികയാകുന്നു.
It will be better to wait a few days and then buy the cloth.	കുറെ ദിവസം കഴിഞ്ഞിട്ടു തുണിച്ചരക്കു വാങ്ങുന്നതു അധികം നല്ലതാകുന്നു.
Of what use are such people; they know nothing of business.	പ്രവൃത്തിയെപ്പററി ഒന്നും അറിഞ്ഞുകൂടാത്ത ജനങ്ങളെക്കൊണ്ടു എന്തു പ്രയോജനം.
I understand business, I am not easily imposed upon.	ഞാൻ പ്രവൃത്തി അറിയുന്നു; എന്നെ എളുപ്പത്തിൽ പററിപ്പാൻ കഴികയില്ല.
Sugar-candy and raisins are four pounds for a rupee.	കല്ക്കണ്ടിയും മുന്തിരിങ്ങയും ഉറുപ്പികക്കു നാലു റാത്തലുണ്ടു.
Buy about 800 rupees worth.	എണ്ണൂറു ഉറുപ്പികയോളം വാങ്ങുക.
I will deposit Rs. 500 now; to-morrow I will see them weighed.	ഞാൻ ഇപ്പോൾ 500 ഉറുപ്പിക കെട്ടി വെക്കും; നാളത്തേൽ ഞാൻ സാമാനങ്ങളെ തൂക്കിച്ചുനോക്കുന്നതാണ്.
See that you are not imposed upon.	നിങ്ങളെ കച്ചോടത്തിൽ പററിക്കാതിരിപ്പാൻവേണ്ടി സൂക്ഷിക്ക.
Have you compared them with the sample? Do they agree?	നിങ്ങൾ അവയെ നോട്ടത്തിന്നു ഒപ്പിച്ചുനോക്കീട്ടുണ്ടോ? അവ നോട്ടത്തിന്നു ഒക്കുന്നുവോ?

Go and procure a pass for the things that are ready.	തെയ്യാറായ സാമാനങ്ങൾക്കു ഒരു പാസ്സ് പോയി കൊണ്ടുവരിക.
Get a boat and send them on board the ship.	ഒരു തോണി ഏററു അവയെ കപ്പലിൽ അയക്കു.
Sir, the captain said the goods cannot be shipped to-day.	മാന്യരേ, ചരക്കുകൾ ഇന്നു കപ്പലിൽ കയററാൻ പാടില്ലെന്നു കപ്പിത്താൻ പറഞ്ഞു.
Don't mind what the captain says, but mind what I say.	കപ്പിത്താൻ പറയുന്നതു പൊരുളിക്കേണ്ട, ഞാൻ പറയുന്നതു കേൾക്കു.
Sir, as you bid me I am going.	മാന്യരേ, നിങ്ങൾ കല്പിക്കും പ്രകാരം ഞാൻ ഇതാ പോകുന്നു.
Now go and ask the captain when the ship sails and bring me word.	ഇപ്പോൾ കപ്പിത്താൻെറ അടുക്കൽ പോയിട്ടു കപ്പൽ എപ്പോൾ ഓടുമെന്നു ചോദിച്ചു വിവരം എന്നോടു പറയുക.
How much money was collected yesterday?	ഇന്നലെ എത്ര പണം വസൂലാക്കീട്ടുണ്ടായിരുന്നു?
Keep the money by you, don't pay away any without my order.	പണം നിങ്ങളെ വക്കൽ സൂക്ഷിക്കു എൻെറ കല്പന കൂടാതെ ആൎക്കും കൊടുക്കേണ്ടാ.
What is the discount on this Hundi in the bazar?	ഈ ഉണ്ടികക്കു ഭജാരിൽ എന്തു കറച്ചൽ കൊടുക്കണം.
Bring those goods in carts from the custom house.	ചുങ്കക്കച്ചേരിയിൽനിന്നു ആ ചരക്കുകൾ ഒരു കൂലിവണ്ടിയിൽ കൊണ്ടുവരിക.
Take care, you must attend to everything.	നിങ്ങൾ എല്ലാ കാൎയ്യത്തിന്നും ശ്രദ്ധ വെക്കേണ്ടതാണെന്നു സൂക്ഷിക്കു.
Put the godown No. 3 into order, and see that there is no damage.	3-ാം നമ്പ്ര ചരക്കുമുറി തെയ്യാറാക്കു, അതിൽ അപകടം ഒന്നും ഇല്ലെന്നു നോക്കേണ്ടതാണ്.
If you don't look to everything who else will?	നിങ്ങൾ എല്ലാ കാൎയ്യങ്ങളും നോക്കുന്നില്ലെങ്കിൽ വേറെ ആർ നോക്കും?
I am going out, let me see everything ready when I come back.	ഞാൻ പുറത്തു് പോകുന്നു, ഞാൻ മടങ്ങി വരുമ്പോഴെക്കു എല്ലാം തെയ്യാറായി കാണട്ടെ.
Who is at work in the iron factory?	ഇരിമ്പുശാലയിലെ പണി ആർ നോക്കുന്നു?
Sir, nobody is yet come.	ഇനിയും ആരും വന്നിട്ടില്ല.

What time of day do they mean to come?

ഏതു സമയത്ത് വരാനായിട്ടാണ് അവർ വിചാരിക്കുന്നതു?

This is the case every day I believe; warn every one of them that they should attend to their respective duties punctually hereafter.

എല്ലാ ദിവസവും ഇങ്ങിനെ തന്നേയാണെന്നു ഞാൻ വിചാരിക്കുന്നു; മേലാൽ അവരവരുടെ പ്രവൃത്തിക്കു കൃത്യമായി ഹാജരാകേണ്ടതാണെന്നു എല്ലാവരോടും താക്കീതാക്കുക.

When they come, send them to me.

അവർ വന്നാൽ അവരെ എന്റെ അടുക്കൽ അയക്കു.

How long are those Europeon goods to lie at the custom-house?

ആ ബ്ലാത്തിസാമാനങ്ങൾ ചുങ്കക്കച്ചേരിയിൽ എത്ര കാലമായി കിടക്കുന്നു?

Sir, without an invoice to know what they are, how can I bring them?

മാന്യരേ, സാമാനങ്ങൾ ഇന്നതാണെന്നറിവാൻ വരിച്ചാത്തില്ലാതെ ഞാൻ അവയെ എങ്ങിനെ കൊണ്ടുവരേണ്ടു?

Different sorts of goods pay different rates of duty.

പലപ്രകാരത്തിലുള്ള സാമാനങ്ങൾക്കു പല തരത്തിലുള്ള ചുങ്കം കൊടുക്കു.

Sir, I cannot myself open the boxes.

മാന്യരേ, എന്നെക്കൊണ്ടു തന്നെ പെട്ടികൾ തുറപ്പാൻ കഴികയില്ല.

Call ten coolies, take the invoice and go quickly.

പത്തു കൂലിക്കാരെ വിളിക്കു, വരിച്ചാത്തു എടുത്തു വേഗം പോക.

At one o'clock the custom house officer came and opened the boxes.

ഒരു മണിക്കു ചുങ്കക്കച്ചേരി ഉദ്യോഗസ്ഥൻ വന്നു പെട്ടികൾ തുറന്നു.

When I have signed each invoice, I will give them to Gumastah to be copied and then send them to you.

ഞാൻ ഓരോ വരിച്ചാത്ത് ഒപ്പിട്ടാൽ ആയതു പകൎപ്പാനായിട്ടു ഗുമസ്തൻ വശം കൊടുക്കും എന്നതിന്റെ ശേഷം അവയെ നിങ്ങൾക്കു അയക്കും.

Gumastah, copy these and send them to Messrs. Arbuthnot & Co.

ഗുമസ്തരേ, ഇതുകളെ പകൎത്തീട്ടു മെസ്സ്. അർബത്തനട്ട് കമ്പനിക്കയക്കു.

52. Dialogue with a Military Officer

ഒരു മിലിററരി ഉദ്യോഗസ്ഥനുമായിട്ടുള്ള സംഭാഷണങ്ങൾ.

Two companies of native troops will go to ball practice this evening.	രണ്ടു കമ്പനി നാട്ടുപട്ടാളം ഇന്നു വൈകുന്നേരം കറിവെടി ശീലിപ്പാൻ പോകും.
There will be an inspection of arms to-morrow morning, see are they all very clean?	നാളെ രാവിലെ ആയുധപരിശോധന ഉണ്ടാകും, അവയെല്ലാം വെടിപ്പിൽ വെച്ചിട്ടുണ്ടോയെന്നു നോക്കു.
Subadar, can you tell me when this man was enlisted.	സുബെദാരേ, ഇവനെ പട്ടാളത്തിൽ ചേൎത്തതു എപ്പോഴായിരുന്നുവെന്നു എന്നോടു പറവാൻ കഴിയുമോ?
I see some of the men in this company cannot handle the rifles properly.	ഈ കമ്പനിയിൽ ചിലൎക്കു ശരിയായി തോക്കു പിടിപ്പാൻ കഴിയുന്നില്ലെന്നു ഞാൻ കാണുന്നു.
Press the butt well to the shoulder and pull the trigger forcibly with the middle finger.	തോക്കിന്റെ ചട്ട ചുമലോടു അമൎത്തുകയും നടുവിരൽകൊണ്ടു തോക്കിന്റെ കൊത്തി ബലത്തോടെ വലിക്കയും ചെയ്യു.
Tell off the company into three sections.	മൂന്നംശങ്ങളായി നില്ക്കേണ്ടതിന്നു സൈന്യങ്ങളോടു കല്പിക്കു.
How many men are for piquet to night?	ഇന്നുരാത്രി എത്ര ആളുകളെ കാവലിന്നു തിരിച്ചിട്ടുണ്ടു?
Pray, sir, to what regiment do you belong?	മാന്യരേ, നിങ്ങൾ ഏതു റെജിമെട്ടിലുള്ള ഉദ്യോഗസ്ഥനാണെന്നു പറവാനപേക്ഷ.
Is your whole regiment at present on duty here or elsewhere?	നിങ്ങളുടെ മുഴുവൻ പട്ടാളം ഇപ്പോൾ ഇവിടെ പ്രവൃത്തിയിലുണ്ടോ അല്ല വേറെ ദിക്കിലോ?
Do you know where it was first raised?	പട്ടാളം ഒന്നാമതു കെട്ടിയതു എവിടെ നിന്നാണെന്നു നിങ്ങൾ അറിയുമോ?
What rank do you hold, and how long have you been an officer?	നിങ്ങളുടെ സ്ഥാനം എന്താണ്? ഉദ്യോഗസ്ഥനായിട്ടു എത്ര കാലമായി?
What is your pay, and do you receive it monthly or weekly?	നിങ്ങളുടെ മാസപ്പടി എന്താകുന്നു? ആയതു ആഴ്ചയിലോ മാസത്തിലോ നിങ്ങൾ വാങ്ങുന്നതു?

53. Dialogue with a Munshi

ഒരു മുൻഷിയുമായുള്ള സംഭാഷണം.

Munshi, I am very glad to see you, why have you been absent so long?	മുൻഷീ, നിങ്ങളെ കാണുകയാൽ ഞാൻ വളരെ സന്തോഷിക്കുന്നു, ഇത്ര അധികദിവസം വരാതിരിപ്പാൻ സംഗതി എന്താകുന്നു?
Have you brought me the required books as you promised me sometimes back?	മുമ്പെ എന്നോടു വാഗ്ദത്തം ചെയ്യുപ്രകാരം ആവശ്യപ്പെട്ട പുസ്തകങ്ങൾ നിങ്ങൾ എനിക്കു കൊണ്ടുവന്നിട്ടുണ്ടോ?
Can you teach me both Malayalam and Hindustani?	നിങ്ങൾക്കു എന്നെ മലയാളവും ഹിന്തുസ്ഥാനിയും രണ്ടും പഠിപ്പിപ്പാൻ കഴിയുമോ?
Do not allow me to pronounce badly.	ചീത്തയായി ഉച്ചരിപ്പാൻ എന്നെ സമ്മതിക്കരുത്.
Do not use so many hard words at present.	തൽക്കാലം അത്ര അധികം കഠിനമായ വാക്കുകൾ ഉപയോഗിക്കേണ്ടാ.
Tell me a short history, on the news of the country, for unless we converse much together, how can I learn to speak?	ഒരു ചെറിയ കഥയോ, അല്ല രാജ്യവൎത്തമാനമോ എന്നോടു പറക, നാം തമ്മിൽ തന്നേ അധികമായി സംഭാഷണം ചെയ്യാതെ ഇരുന്നാൽ ഞാൻ സംസാരിപ്പാൻ എങ്ങിനെ പഠിക്കും?
Your business is to teach me the real pronunciation and to practise language.	സാക്ഷാൽ ഉച്ചാരണം എന്നെ പഠിപ്പിക്കുവാനും ഭാഷ ശീലിപ്പിക്കുവാനും ആകുന്നു നിങ്ങളുടെ പ്രവൃത്തി.
Sir, in your opinion, is it Hindustani or Malayalam language the more difficult?	മാന്യരേ, നിങ്ങളുടെ അഭിപ്രായത്തിൽ ഹിന്തുസ്ഥാനിയോ അല്ല മലയാളഭാഷയോ ഏററവും പ്രയാസമുള്ളതു?
There is no doubt that the Hindustani language is more difficult, but it is more necessary too than Malayalam; we therefore are striving to learn it.	ഹിന്തുസ്ഥാനിഭാഷ അധികം പ്രയാസമാണെന്നുള്ളതിന്നു സംശയമില്ല, ആയതു മലയാളത്തെക്കാൾ അധികം ആവശ്യമുള്ളതും ആകുന്നു. അതുകൊണ്ടാണ് അതിനെ പഠിപ്പാൻ നാം യത്നിക്കുന്നതു.
In acquiring the Hindustani tongue what is your advice?	ഹിന്തുസ്ഥാനി വാചാലത്വം വശത്താക്കുവാൻ നിങ്ങളുടെ ഉപദേശം എന്താകുന്നു?

If you obtain an acquaintance with the inflections of words, which is to be obtained from grammar only, your progress will then soon be complete.	വ്യാകരണത്തിൽനിന്നു മാത്രം സിദ്ധിക്കുന്നതായ വാക്കുകളുടെ വിഭക്തിഭേദങ്ങൾ നിങ്ങൾക്കു ശീലമായാൽ നിങ്ങളുടെ അഭിവൃദ്ധി എളുപ്പത്തിൽ പൂർത്തിയാകും.
It is true; for we can neither apply the words properly, nor do we know the reason of their application, without grammar.	അതു ശരി തന്നേ, വ്യാകരണസഹായംകൂടാതെ പദങ്ങൾ ശരിയായി ഉപയോഗിപ്പാനോ അങ്ങിനെയുള്ള ഉപയോഗകാരണമോ നമുക്കു അറിവാൻ കഴിയുന്നതല്ല.

---

54. Dialogue on walking, riding, etc.
നടക്കുന്നതും കുതിരസ്സവാരി ചെയ്യുന്നതും.

He is gone out somewhere to walk.	അവൻ നടപ്പാനായി എവിടെയോ പോയിരിക്കുന്നു.
I shall also go out and walk round the barracks and fort.	ഞാനും പുറത്തുപോയി ബറാക്കും കോട്ടയും ചുറ്റിനടക്കട്ടെ.
In this country I see people walk a great deal.	ഈ രാജ്യത്തിൽ ജനങ്ങൾ അധികമായി നടക്കുന്നതു ഞാൻ കാണുന്നു.
Can you walk much.	നിങ്ങൾക്കു അധികം നടക്കാമോ?
Walking in the open plain when it is cool is highly beneficial to health.	ശൈത്യമുള്ളപ്പോൾ തുറന്ന മൈതാനിയിൽ നടക്കുന്നതു ശരീരസുഖത്തിന്നു വളരെ ഗുണമുള്ളതാകുന്നു.
I wish to ride.	കുതിരസ്സവാരി ചെയ്വാൻ ഞാൻ ആഗ്രഹിക്കുന്നു.
Put the saddle well on.	ജീനി നല്ലവണ്ണം ഇടുക.
Hold the bridle till I be fairly mounted.	ഞാൻ നല്ലവണ്ണം കയറുന്നതുവരെ കടിഞ്ഞാൺ പിടിക്കു.
See that the reins are strong and kept in constant repair.	വാറ് ബലമുള്ളതും എപ്പോഴും നന്നാക്കി വെച്ചിട്ടുണ്ടോയെന്നും നോക്കു.
Here, you groom, hold the horse, I must dismount for a little.	ഇതാ കുതിരക്കാരാ, കുതിരയെ പിടിക്കു, എനിക്കു കുറച്ചു കുതിരപ്പുറത്തുനിന്നു ഇറങ്ങണം.

Take care, he will get out of your hands.	സൂക്ഷിക്ക, കുതിര നിന്റെ കയ്യിൽ നിന്നു ഓടിക്കളയും.
See, is that ground proper for the horse to go over?	കുതിരക്കു നടപ്പാനായിട്ടു ആ നിലം ശരിയായിട്ടുള്ളതോയെന്നു നോക്ക.
Coax him that he may not be restive.	കുതിര തന്നിഷ്ടമായി (മുരട്ടുശീലം) രിക്കാതിരിപ്പാൻ അതിനെ മുട്ടിത്തടവി രസിപ്പിക്ക.
You must not give the horse water now, whilst he is so very warm.	കുതിര അത്യുഷ്ണത്തോടുകൂടിയിരിക്കുമ്പോൾ നീ അതിന്നു വെള്ളം കൊടുക്കരുതു.
Does he stand fire?	കുതിരക്കു വെടി കേൾക്കാമോ?
Walk him about, rub him well down, and take care that he does not catch cold.	കുതിരയെ ചുററും നടത്തുകയും നല്ലവണ്ണം തുടക്കുകയും ശൈത്യം പിടിക്കാതെകണ്ടിരിപ്പാൻ വളരെ സൂക്ഷിക്കയും ചെയ്യു.

BOOKS PUBLISHED BY AND FOR SALE AT THE

BASEL MISSION BOOK DEPOT, MANGALORE

No.	Title	Rs.	As.	Ps.
1.	Infant Reader By Joseph Muliyil, B.A. ശിശുപാഠപുസ്തകം	0	4	0
2.	English Primer (Anglo-Malayalam) By Joseph Muliyil, B.A.	0	4	0
3.	Malayalam & English Vocabulary By Kalladi Thyen Ramunni ഭാഷാസഹായി.	0	12	0
4.	Essentials of Malayalam Grammar By L. Garthwaite, B.A. മലയാള വ്യാകരണസംഗ്രഹം	0	2	0
5.	English Malayalam Dialogues together with forms of Letters, etc. ഇംഗ്ലീഷ് മലയാള സംഭാഷണങ്ങൾ	0	8	0
6.	Vyakarana Mitram for Schools and Colleges By Sahitya Kusalan M. Seshagiri Prabhu M.A. വ്യാകരണമിത്രം	1	10	0
7.	Malayalam School Panchatantram with Notes Explanatory & Grammatical പഞ്ചതന്ത്രം . .	0	14	0
8.	A Progressive Grammar of the Malayalam Language (English Medium) By L. J. Frohnmeyer	4	4	0
9.	The New Malayalam Copy Books No. I. പുതിയ മലയാള കോപ്പിപുസ്തകം ഒന്നാംതരത്തിന്നു	0	2	0
10.	A Hindustani Instructor in Malayalam Part I By Tobias Zacharias ഹിന്തുസ്ഥാനി ബോധിനി ഒന്നാംഭാഗം	0	4	0
11.	,, ,, ,, Part II രണ്ടാംഭാഗം	0	4	0
12.	A Family Guide to Biochemistry ജീവരസായന വൈദ്യമാലിക.	1	8	0
13.	Five Hundred Indian Plants their use in Medicine & the Arts സഹസ്രാൎദ്ധ വൃക്ഷാദികളുടെ വൎണ്ണന	2	0	0
14.	An Introduction to the Comparative Study of English & Malayalam By Joseph Muliyil Part I	0	5	0
15.	The Heart Book മാനുഷ ഹൃദയദൎപ്പണം	0	2	0

GEN/11

COLLOQUIAL PHRASES

AND

SHORT AND EASY DIALOGUES

IN

ENGLISH AND MALAYALAM

FOR THE USE OF BEGINNERS IN BOTH LANGUAGES

BY

KALLADI THYEN RAMUNNI,

Writer, Station Hospital, Cannanore.

FOURTH EDITION

37165
420
RAM/S

LISHED BY THE
BOOK DEPOT, MANGALORE
1955

Price: 8 Annas.] *All Rights reserved.* [വില: 8 അണ.

Indic Digital Archive Foundation
gpura.org